Annual Subscription : Rs. 175/-

# NEW VISION

## FOR A CHANGING WORLD

Vol 15 Issue 3 Novembrr 2014

മിഷ്യനറിമാർ ദിശകാട്ടിയ കേരളനവോത്ഥാനം ഇന്ന് തിരിച്ചടികൾ നേരിടുകയാണ്. ജാതീയതയും, സാമുദായികത്വവും, അന്ധവിശ്വാസങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സേവനമെന്നത് വ്യാപാരമാണെന്ന സങ്കല്പം ശക്തമാകുന്നു.

–ഡോ. നൈനാൻ കോശി





വൻ സ്വർണ്ണശേഖരം അടങ്ങുന്ന നിധികിട്ടുമെന്ന് ഉറപ്പായി വിശ്വസിച്ചുപോയവർ അതിലേക്കു മന്ത്രവാദി നിർദ്ദേശിച്ച് ഉപാധി അന്ധമായി വിശ്വസിക്കുകയും ധനക്കൊതി അവരെ പൈശാചിക രൂപങ്ങളായി മാറ്റുകയും ചെയ്തപ്പോൾ ഒരു ഗ്രാമത്തിൽ സംഭവിച്ച പ്രത്യാഘാതങ്ങൾ........

– ജസ്റ്റിസ് കെ. റ്റി. തോമസ്

ഏതായാലും അന്നു മുതൽ ആവശ്യത്തിനുവേണ്ട കള്ളമൊക്കെ പറയുവാൻ ഞാൻ പഠിച്ചു. പക്ഷേ അനാവശ്യ കള്ളമൊന്നും ഞാൻ പറഞ്ഞിട്ടില്ല.

–ക്രിസോസ്റ്റം വലിയ മെത്രാപ്പോലിത്ത





Most Rev.Dr. G. Dyvasirvadam

**CSI is moving towards a borderless Church**



Rev.Dr.D.R.Sadananda



# മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘം
# 125–ാം വാർഷിക പ്രതിനിധിയോഗം

തിരുവല്ല: മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘത്തിന്റെ 125-ാമത് വാർഷിക പ്രതിനിധി യോഗം അഭിവന്ദ്യ തോമസ് മാർ തിമഥിയോസ് എപ്പിസ്കോപ്പയുടെ അദ്ധ്യക്ഷതയിൽ സെപ്റ്റബർ 20-ാം തീയതി തിരുവല്ല, സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽവച്ച് നടന്നു. സുവിശേഷ ഘോഷണത്തിന് സുവിശേഷമായി ജീവിക്കുകയാണ് ഓരോ സഭാംഗത്തിന്റെയും കടമയെന്ന് ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ആമുഖ സന്ദേശം നൽകി. റവ.ഡോ.ജോസഫ് ഡാനിയേൽ ധ്യാനപ്രസംഗം നിർവഹിച്ചു.സുവിശേഷ പ്രസംഗസംഘത്തിന്റെ വാർഷിക റിപ്പോർട്ടും 36 കോടി 75 ലക്ഷം രൂപയുടെ വരവ് ചെലവ് കണക്കും പൊതുയോഗം അംഗീകരിച്ചു. വാർഷിക പൊതുയോഗത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ ഔദ്യോഗിക ചുമതലക്കാരായി റവ.ജോർജ് വർഗീസ് (ജനറൽ സെക്രട്ടറി), രാജു എബ്രഹാം വെണ്ണിക്കുളം (ലേഖക സെക്രട്ടറി), റവ.ബിനു വർഗീസ് (സഞ്ചാര സെക്രട്ടറി), അഡ്വ.റോയി ഫിലിപ്പ് (ട്രഷറാർ) എന്നിവരും മാനേജിംഗ് കമ്മറ്റിയിലേക്ക് സജി വിളവിനാൽ, റവ.ഡേവിഡ് ഡാനിയേൽ, റവ.പി.വൈ.മാത്യു, റവ.ജോൺസൺ വർഗീസ്, അഡ്വ.തോമസ് മത്തായി, മാത്യു ടി.എബ്രഹാം, പ്രഫ.കെ.ദാനിയേൽകുട്ടി, ഷിജു അലക്സ് എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

തിരുവല്ല
22-09-14

**റവ. ജോർജ് വർഗീസ്**
ജനറൽ സെക്രട്ടറി



Rev. George Varghese



Raju Abraham



Rev. Binu Varghese



Adv. Roy Philip

''NEW VISION FOR A CHANGING WORLD' is an ecumenical magazine owned by a Nava Darshan Trust, a Public Charitable Trust registered in1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since February 2001. It serves as a forum for exchange of views and a source of inspiration for enlighted action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome. *The Meeting Point* (a publication of CISAC, USA) is currently being published in association with *New Vision*.


## EDITORIAL BOARD

| | |
|---|---|
| **Patron** | : Most Rev. Dr. Philipose Mar Chrysostom Mar Thoma Valiya Metropolitan |
| **Chairman** | : The Rt. Rev. Dr. Sam Mathew |
| **Hon. Chief Editor** | : Prof. Dr. Cyriac Thomas |
| **Executive Editor** | : Prof. Dr. Jose Parakadavil |
| **Managing Editor** | : Prof. Dr. Mathew Koshy Punnackadu |

**Editors :**

The Rev. Dr. Mathew Daniel, Mr. George Bahanan
Dr. Sabu de Mathew, Mr. John George Athyal,
Dr. Anne Susan Koshy, Dr. Muse Mary George
Mr. George Mathew C, Dr.Sabu George
Prof. Vijo Thomas Kurien, Dr.Achamma Alex

| | |
|---|---|
| **Manager** | : The Rev. Prof. K. C. Mathew |
| **Office Assistant** | : Mr. Kurien Thomas T. |

## THE MEETING POINT

| | |
|---|---|
| Editor in Chief | : The Rt. Rev. Dr. A George Ninan |
| Publisher/Managing Editor | : Mr. Koshy George |
| Executive Editor | : Dr. Jesudas M. Athyal |
| Editorial Board | : Mr. T. Mathew & Rev. Dr. Anand Veeraraj |



**ENGLISH ARTICLES**
**Dr.Jesudas M. Athyal**
(email: jesudas@athyal.org) 781-570-1221

**CONTACT IN USA**
Mr.Koshy George
(Email :koshygeorge47@gmail.com) 718-314-8171

Subscriptions in USA and Canada should be sent to:
**CISAC.Inc, P.O. Box 141039, Staten Island, NY 10314-1039.**



### വരിസംഖ്യയും സംഭാവനകളും അയയ്ക്കേണ്ട വിലാസം

**മാനേജർ, ന്യൂ വിഷൻ** മന്ദിരം, മാങ്ങാനം പി. ഒ., കോട്ടയം - 686 018
കോട്ടയം സി.എസ്.ഐ. ഡയോസിസൻ ബുക്ക് ഡിപ്പോ, തിരുവല്ല സി.എസ്.എസ്സ്, എന്നിവിടങ്ങളിൽ വരിസംഖ്യ അടയ്ക്കാവുന്നതാണ്. റാപ്പർ നമ്പർ സഹിതം വിവരം ഓഫീസിൽ അറിയിക്കുക.
**(A/c No.67013367593** IFSC no. SBTR 0000471
**New Vision,SBT,Manganam)**



### കത്തുകളും പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങളും അയയ്ക്കേണ്ട വിലാസം

ഡോ. മാത്യു കോശി പുന്നയ്ക്കാട്, എഡിറ്റർ, ന്യൂവിഷൻ,
പുന്നയ്ക്കാട് പി. ഒ., കോഴഞ്ചേരി - 689 652,
Phone / Fax : 0468 2214068, 2310376 Mob : 9847275754
e-mail : newvisionmagazine@gmail.com

### CONTACT PERSONS

**Mr. C. J. Rajan** 25, Razak Gardens, 8-Cross Street, Arumbakkam, Chennai - 600 106 Ph : 044-23634755
**Mr. George Eapen**, Kuwait Mob : 66031607
**Mr. Regi Chandy Koshy**, Kuwait. Mob : 66011377
**Jacob Mamoodan**, Pathanamthitta
Ph : 09947440258 Email : mamooden@hotmail.com


# CONTENTS


**4** എഡിറ്റോറിയൽ....
■ ഡോ. ജോസ് പാറക്കടവിൽ

**5** പഠനകാലത്തെ കുസൃതികൾ
■ ക്രിസോസ്റ്റം തിരുമേനി

**7** ധനമോഹവും അന്ധവിശ്വാസവും ഒന്നിച്ചപ്പോൾ സംഭവിച്ചത്
■ ജസ്റ്റിസ് കെ.റ്റി. തോമസ്

**9** മിഷ്യനറി പ്രസ്ഥാനവും കേളത്തിലെ സാമൂഹ്യ വ്യതിയാനങ്ങളും
■ പ്രൊഫ. നൈനാൻ കോശി

**12** കുഞ്ഞുറോസ് വിശുദ്ധയാകുമ്പോൾ
■ ഡി. ബാബു പോൾ

**14** മിസ്രയിമിലെ നിക്ഷേപങ്ങളെക്കാൾ
■ റവ. ഡോ. അലക്സാണ്ടർ എ. തോമസ്

**17** അപ്പനും അമ്മയും മക്കളും
■ ജോർജ്ജ് ബഹനാൻ

**19** മൈ ഡിയർ മമ്മാ
■ ഫാദർജി

**21** BASIC CHRISTIAN COMMUNITY
■ **Most Rev. Dr. G. Dyvasirvadam**

**24** സാമൂഹ്യ പ്രതിബദ്ധത – ഒരു ക്രിസ്തീയ വീക്ഷണം
■ റവ. ഏബ്രഹാം പി. വർക്കി



### വരിസംഖ്യ

| | | | | |
|---|---|---|---|---|
| ഒരു വർഷത്തേക്ക് | : | 175 രൂപ | (വിദേശത്തുള്ളവർക്ക് | US$25) |
| രണ്ടു വർഷത്തേക്ക് | : | 250 രൂപ | ( ” | US$35) |
| മൂന്നു വർഷത്തേക്ക് | : | 350 രൂപ | ( ” | US$50) |
| ലൈഫ് മെമ്പർഷിപ്പ് | : | 2000 രൂപ | ( ” | US$250) |
| പേട്രൺ മെമ്പർഷിപ്പ് | : | 10,000 രൂപ | ( ” | US$1000) |

### പരസ്യ നിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back cover (outside) | Rs. 7000 | Rs. 3500 | |
| Back cover (inside) | Rs. 5000 | Rs. 3000 | |
| Inner Pages | Rs. 3000 | Rs. 1500 | Rs. 800 |

**Cover Design: IGM Offset Press**
Page Layout @ IGM Offset Press
Ph : 0469 2602192, E-mail: igmthiruvalla@hotmail.com

എഡിറ്റോറിയൽ......



# ശുചിത്വമിഷൻ നമ്മുടെയും മിഷനല്ലേ?

■ ഡോ. ജോസ് പാറക്കടവിൽ

സ്വാതന്ത്ര്യസമരത്തിനിടയിൽ തന്നെ സമരനായകൻ ഇന്ത്യയിലെ ജനങ്ങളെ പഠിപ്പിക്കുവാൻ ശ്രമിച്ച ശുചിത്വ പാഠങ്ങൾ ഇന്ത്യക്കാർക്ക് ഇനിയും നടപ്പാക്കുവാനായിട്ടില്ല. 67 വർഷം പിന്നിട്ടപ്പോഴും ചൂലിന്റെ പ്രസക്തി ജനങ്ങളെ ഓർമ്മപ്പെടുത്തുവാൻ പ്രധാനമന്ത്രി മുതൽ താഴോട്ടുള്ള നേതാക്കൾ പാടുപെടുന്നു. 2019 ഒക്ടോബർ രണ്ടോടെ പൊതുസ്ഥലത്തെ മലമൂത്ര വിസർജനം പൂർണ്ണമായി നിർത്തലാക്കും എന്ന പ്രഖ്യാപനം ആരെങ്കിലും മുഖവിലയിൽ എടുക്കുമെന്നു കരുതാനാവില്ല. സ്വാതന്ത്ര്യം കിട്ടിയപ്പോൾ മുതൽ ഇത്തരം എത്ര പ്രഖ്യാപനങ്ങൾ കേട്ടവരാണു നമ്മൾ. സ്വാതന്ത്ര്യത്തിനുശേഷം നിർമ്മിച്ചു നൽകി എന്നു സർക്കാർ അവകാശപ്പെടുന്ന 3.75 കോടി ശൗചാലയങ്ങൾ എവിടെ?

വികസനത്തിൽ പരിഷ്കാരാഭിവൃദ്ധിയിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന കേരളത്തിൽ പൊതുസ്ഥലങ്ങളിലെ ശൗചാലയങ്ങൾ ഇവിടുത്തെ ജനങ്ങളുടെ ജീവിതനിലവാരത്തെ ചോദ്യം ചെയ്യുന്ന സ്ഥിതിയാണ്. ശുചിത്വബോധം പഠിപ്പിക്കേണ്ട വിദ്യാലയങ്ങളിലെ ശുചിമുറികളുടെ ശോചനീയാവസ്ഥ ഈയിടെ മാധ്യമങ്ങൾ തുറന്നുകാട്ടി. മലയാളികളുടെ വിദ്യാഭ്യാസത്തിന്റെയും ആരോഗ്യത്തിന്റെയും നിലവാരമുയർത്തി എന്നവകാശപ്പെടുന്ന സഭകളുടെ വിദ്യാലയങ്ങളിലും കുട്ടികൾക്കുള്ള ശുചിമുറികൾ പരിതാപകരമായ അവസ്ഥയിലാണ്. പള്ളികളുടെയും പാരീഷ്ഹോളുകളുടെയും അനുബന്ധമായുള്ള ശുചിമുറികൾ മിക്കയിടത്തും ശുചിത്വം തൊട്ടുതീണ്ടാത്ത അവസ്ഥയിലാണ്. ടോയ്‌ലറ്റുകൾ സ്ഥാപിച്ചു കഴിഞ്ഞാൽ പിന്നെ അവയുടെ സ്ഥിതി എന്താണെന്ന് ആരും അന്വേഷിക്കാറില്ല. പൊതു ടോയ്‌ലറ്റുകൾ ആരാണു വൃത്തിയാക്കുക എന്നത് ഇപ്പോഴും നമ്മുടെ നാട്ടിൽ പ്രശ്നം തന്നെയാണ്. കുട്ടികൾക്കാവശ്യമായ ശുചിമുറികൾ ഇല്ലാത്ത സ്കൂളുകളുടെ അംഗീകാരം പിൻവലിക്കും എന്നു സർക്കാർ പ്രഖ്യാപിച്ചപ്പോൾ ടോയ്‌ലറ്റുകൾ നിർമ്മിക്കാം എന്നാൽ വൃത്തിയാക്കുവാനുള്ള ആളുകളെ സർക്കാർ തരണം എന്ന് എൻ.എസ്.എസ്. നേതാവ് സുകുമാരൻ നായർ പറഞ്ഞതു വെറുതെയല്ല. തോട്ടിപ്പണിയുടെ മാഹാത്മ്യത്തെപ്പറ്റി പറഞ്ഞതിന്റെ പേരിൽ ഗാന്ധിജിയെ പരിഹസിക്കുന്ന അരുന്ധതി റോയിക്ക് ഇന്ത്യയിലെ വൃത്തിഹീനമായ പൊതുടോയ്‌ലറ്റുകളെപ്പറ്റി പരാതിയില്ലാത്തത് അവർ ഫൈവ്സ്റ്റാർ നിലവാരത്തിൽ തന്നെ എപ്പോഴും ജീവിക്കുന്നതുകൊണ്ടാവാം.

വീടിനു പുറത്തു ധാരാളം സഞ്ചരിക്കുകയും വിവിധ തൊഴിലുകളിൽ ഏർപ്പെടുകയും ചെയ്യുന്ന സ്ത്രീകളാണ് വൃത്തിയുള്ള ശുചിത്വാലയങ്ങളുടെ അഭാവത്തിൽ ഏറ്റവുമധികം ക്ലേശിക്കുന്നത്. പഞ്ചായത്ത് രാജിന്റെ അധികാര വികേന്ദ്രീകരണം നടപ്പിലായപ്പോൾ ആദ്യം നടപ്പിലാകേണ്ടിയിരുന്ന കാര്യമാണിത്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ വനിതാ പ്രാതിനിധ്യം വർദ്ധിച്ചപ്പോഴും അവർ ഈ ചുമതല ഏറ്റെടുത്തില്ല. നഗരസഭകൾ ചുരുക്കമായി ഈ രംഗത്ത് എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിലും അവ അപര്യാപ്തമാണ്. പൊതുശുചിത്വാലയങ്ങളുടെയും പരിസരങ്ങളുടെയും ശുചിത്വമില്ലായ്മ പ്രധാന പ്രശ്നമാണ്. തുറസായ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന ശുചിമുറികളോട് സ്ത്രീകൾക്കുള്ള പരാങ്മുഖത മറ്റൊരു പ്രശ്നമാണ്. അടുത്തകാലത്ത് സ്ഥാപിച്ച ഇ-ടോയ്‌ലറ്റുകൾ ഉപയോഗിക്കപ്പെടാതെ പോയതിന്റെ പ്രധാനകാരണം അതായിരുന്നു.

ഗ്രാമപഞ്ചായത്തുകളിൽ പോലും വൃത്തിയുള്ള പൊതുശുചിമുറികൾ സ്ത്രീകളെ സംബന്ധിച്ച് അത്യാവശ്യമായിരിക്കുന്നു. സ്വന്തമായി ശുചിമുറികളില്ലാത്ത സ്വകാര്യ വാണിജ്യ സ്ഥാപനങ്ങളിലെ വനിതാ ജീവനക്കാർ, നാല്ക്കവലകളിൽ ഏറെ സമയം ബസ് കാത്തു നിൽക്കുന്ന സ്ത്രീയാത്രക്കാർ ഇവരെല്ലാം വൃത്തിയുള്ള പൊതു ശുചിമുറികൾ ഇല്ലാത്തതിനാൽ ബുദ്ധിമുട്ടനുഭവിക്കുന്നവരാണ്.

മലയാളികളുടെ മാറിവരുന്ന ജീവിതരീതികൾ ഇന്ന് ശുചിത്വാലയങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നുണ്ട്. കുടുംബാംഗങ്ങൾ ഒരുമിച്ച് സ്വന്തം വാഹനത്തിൽ ദീർഘയാത്ര ചെയ്യുക ഇന്നു മലയാളികൾക്കിടയിൽ സാധാരണമാണ്. വിനോദയാത്ര എന്ന നിലയിലും മറ്റു പല ആവശ്യങ്ങൾക്കുവേണ്ടിയും ഇടയ്ക്കിടെ യാത്ര ചെയ്യേണ്ടി വരുമ്പോൾ ഏറെ ബുദ്ധിമുട്ടനുഭവപ്പെടുന്നത് ടോയ്‌ലറ്റ് സൗകര്യങ്ങളില്ലാത്തതുകൊണ്ടാണ്. പലരും ഹോട്ടലുകളിൽ കയറുന്നത് ടോയ്‌ലറ്റ് ഉപയോഗിക്കുവാൻ വേണ്ടിയാണ് എന്ന ഹോട്ടലുടമകൾ തന്നെ പറയുന്നു. പക്ഷേ, വൃത്തിയുള്ള ടോയ്‌ലറ്റുകൾ മുന്തിയ ഹോട്ടലുകളിലേയുള്ളൂ. അതിനു കൊടുക്കേണ്ടി വരുന്ന വില വളരെ വലുതാണ്.

കേരളീയ സമൂഹത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന ഈ ബുദ്ധിമുട്ടിനു പരിഹാരം കണ്ടെത്തുവാൻ സ്ത്രീകളുടേതായ സംഘടനകൾ പോലും മുന്നോട്ടു വരുന്നില്ല. ക്രൈസ്തവ സഭകളിലെ സ്ത്രീസമാജങ്ങൾക്ക് ഏറ്റെടുത്തു നടത്താൻ കഴിയുന്ന ഒരു സേവനരംഗമാണിത്. കേരളത്തിലെ നാഷനൽ ഹൈവേകളുടെയും മറ്റെല്ലാ പ്രധാന നിരത്തുകളുടെയും പാർശ്വങ്ങളിൽ വിവിധ സഭകളുടേതായ ദൈവാലയങ്ങളുണ്ട്. കാർപാർക്കിംഗിന് അനുയോജ്യമായ സ്ഥലസൗകര്യങ്ങളുണ്ട്. പള്ളികളോടും പാരിഷ് ഹാളുകളോടും അനുബന്ധിച്ചുള്ള ശുചിമുറികൾ ചാർജ് ഈടാക്കിക്കൊണ്ടു തന്നെ പൊതുജനങ്ങൾക്ക് ഉപയോഗിക്കുവാൻ തുറന്നുകൊടുത്താൽ അതു വലിയൊരു സേവനമായി പരിഗണിക്കപ്പെടും. ദീർഘദൂരം യാത്ര ചെയ്യുന്നവർക്ക് ടോയ്‌ലറ്റ് സൗകര്യത്തോടൊപ്പം അല്പസമയം വിശ്രമിക്കുവാനും കൈവശമുള്ള ഭക്ഷണം കഴിക്കുവാനുമുള്ള സൗകര്യങ്ങൾ കൂടി പ്രദാനം ചെയ്താൽ അതിന് കൂടുതൽ ചാർജ് നല്കുന്നതിനും ആളുകൾ തയ്യാറാണെന്ന് ഈ മേഖലയിൽ പഠനം നടത്തിയവർ പറയുന്നു. വർഷത്തിൽ ഏതാനും ദിവസങ്ങളിൽ മാത്രം ഉപയോഗിക്കുന്ന പാരിഷ്ഹാളുകൾ ഈ ആവശ്യത്തിനായി പ്രയോജനപ്പെടുത്താം. പള്ളിപ്പരിസരത്ത് ലഘുഭക്ഷണ-പാനീയങ്ങൾ വില്ക്കുന്നതിനെപ്പറ്റിയും ആലോചിക്കാം. ടോയ്‌ലറ്റുകളും പള്ളിപരിസരവും എപ്പോഴും വൃത്തിയായി സൂക്ഷിക്കുന്നതിന് ഒരാളെയെങ്കിലും നിയമിക്കേണ്ടിവരും. അതിനുള്ള വരുമാനം ഈ സൗകര്യങ്ങൾ ഉപയോഗിക്കപ്പെടുന്നവരിൽ നിന്നുതന്നെ ലഭിക്കാതിരിക്കയില്ല. ലാഭേച്ഛയില്ലാതെ പൊതുജനസേവനം എന്ന നിലയിൽ ഇതൊക്കെ ചെയ്യുമെങ്കിൽ ഒരു പുണ്യകർമ്മമായി പൊതുസമൂഹം അംഗീകരിക്കും.

ദീർഘയാത്രയിൽ അല്പസമയം വിശ്രമത്തോടൊപ്പം ധ്യാനിക്കുകയോ പ്രാർത്ഥിക്കുകയോ ചെയ്യുന്നത് അപകടങ്ങൾ കുറയുവാൻ സഹായിക്കും എന്ന് റോഡപകടങ്ങളെപ്പറ്റി പഠനം നടത്തുന്നവർ പറയുന്നു.

ആഴ്ചയിൽ ആറു ദിവസവും അടഞ്ഞു കിടക്കുന്ന പള്ളികൾ എല്ലാ ദിവസവും തുറന്നിട്ടാൽ വിശ്രമിക്കാനെത്തുന്നവർക്ക് അല്പസമയം പ്രാർത്ഥിക്കുവാനും ധ്യാനിക്കുവാനും സൗകര്യങ്ങളുണ്ടാകും. എന്നും തുറന്നിടുന്ന ചുരുക്കം ദൈവാലയങ്ങളിൽ നാനാജാതിമതസ്ഥർ മുട്ടുകുത്തി പ്രാർത്ഥിക്കുകയും കാണിക്കയിടുകയും ചെയ്യുന്ന ഹൃദ്യമായ അനുഭവം കൂടുതൽ പള്ളികൾക്കു സ്വായത്തമാക്കിക്കൂടെ?

# പഠനകാലത്തെ കുസൃതികൾ

■ ക്രിസോസ്റ്റം വലിയ മെത്രാപ്പോലിത്ത

***എനിക്ക് അടികിട്ടാത്ത ദിവസങ്ങളില്ലായിരുന്നു. ഒന്നുകിൽ സാറടിക്കും. അല്ലെങ്കിൽ പിള്ളാരടിക്കും. ഏതെങ്കിലും തരത്തിലുള്ള അടി കിട്ടാത്ത ദിവസം എന്റെ ഓർമ്മയിലില്ല.പ്രായമായപ്പോൾ ഞാനമ്മച്ചിയോട് പറഞ്ഞു, അമ്മച്ചിയുടെ ആരോഗ്യത്തിന്റെ കാരണം ഡോക്ടറല്ല. ഞാനാണ്. ഞാൻ വിശദീകരിച്ചു കൊടുത്തു. വഴക്കുണ്ടാക്കുമ്പോൾ അമ്മച്ചി വടിയെടുക്കും. അപ്പോൾ ഞാനോടും. അമ്മച്ചി എന്റെ പിറകെ ഓടും. രണ്ടു വലത്തു ഓടിയതിനു ശേഷം ഞാൻ നിന്നു കൊടുക്കും. അമ്മച്ചി അടിക്കും. അമ്മച്ചിക്ക് കൊളസ്ട്രറോൾ ഉണ്ടാവാതിരുന്നതിന്റെ കാരണം എന്നെ അടിക്കുവാൻ ഓടിയതു കൊണ്ടാ. ഞാനൊരു ദിവസം കുസൃതി കാണിച്ചില്ലായിരുന്നുവെങ്കിൽ അമ്മച്ചിക്ക് ഓടുവാനൊക്കത്തില്ലായിരുന്നു. അങ്ങനെ ഓടിയതു കൊണ്ടാ അമ്മച്ചി ജീവനോടെയിരിക്കുന്നതെന്ന് പറയുമായിരുന്നു.***



***എ***ന്നെ നാലാമത്തെ വയസ്സിൽ മാരാമണ്ണിൽ വർഗീസ് സാറിന്റെ അടുക്കലാണ് അക്ഷരമെഴുത്തിന് ഇരുത്തിയത്. കുട്ടികൾ മുറയ്ക്ക് ചെല്ലുകയുമില്ല, സാർ മുറയ്ക്ക് വരത്തുമില്ല. വീട്ടിൽ നിന്നും കൊച്ചനല്ലേയെന്ന് കരുതി പോകണ്ടായെന്ന് പറയുകയും ചെയ്യും. അതു കൊണ്ട് മുന്നു മാസം കൊണ്ട് പഠിക്കേണ്ടതായ അക്ഷരങ്ങൾ ഞങ്ങൾ ഒരു വർഷംകൊണ്ടാ പഠിക്കുന്നത്.

ഞങ്ങളുടെ അടുത്ത വീട്ടിലെ ആളായിരുന്നു സ്കൂളിലെ സാർ. ഞങ്ങളുടെ വീട്ടിലെ കാടി എടുത്തു കൊണ്ടു പോയി പശുവിന് കൊടുക്കുവാൻ സാർ എന്നും വീട്ടിൽ വരും. പശുവിന് കാടി കൊണ്ടുപോയി കൊടുക്കുന്നതിനേക്കാളും താല്പര്യം എന്റെ അമ്മയോട് നുണയും കൊതിയും പറയുന്നതിനാണ്. നുണയും കൊതിയും പറയുവാൻ തുടങ്ങിയാൽ പിന്നെ പശുവിന്റെ കാര്യം സാറങ്ങ് മറന്നു പോകും. ആ സാർ ഞങ്ങളുടെ ഫാമിലി ഫ്രണ്ടായിരുന്നതിനാൽ സ്കൂളിൽ പോകുന്നതിന് മുമ്പുള്ള കരച്ചിലിന്റയാവശ്യം വേണ്ടി വന്നില്ല. സ്കൂളിൽ ചെന്നപ്പോളാണ് മനസ്സിലായത് ഈ സാർ മൂന്നാം ക്ലാസ്സിലും ഞാൻ ഒന്നാം ക്ലാസ്സിലുമായിരുന്നു. ഞാൻ പറഞ്ഞു, എനിക്ക് മത്തായി സാറിന്റെ ക്ലാസ്സിൽ പഠിച്ചാൽ മതി. അവസാനം സാറന്മാർ തീരുമാനത്തിലെത്തി. ആദ്യത്തെ കുറച്ചു നാൾ മൂന്നാം ക്ലാസ്സിലിരിക്കട്ടെ പിന്നെ മാറ്റാം. എന്റെ അപ്പച്ചനാ സ്കൂൾ മാനേജർ. മാത്രവുമല്ല എല്ലാ അദ്ധ്യാപകരും മാരാമൺ ഇടവകയിലെ അംഗങ്ങളുമാ.

ഹെഡ്മാസ്റ്റർ നാലു മൈൽ നടന്നാ സ്കൂളിൽ വരുന്നത് . അദ്ദേഹം അപ്പച്ചനെ പഠിപ്പിച്ചിട്ടുള്ള സാറുമാ. അദ്ദേഹം നേര്യത് പോലെയുള്ള ഒരു മുണ്ട് കസേരയിൽ ഇടുമായിരുന്നു. അതെന്തിനാണെന്ന് ചോദിച്ചാൽ, അതിനുത്തരം ഞങ്ങൾക്കറിയാം. ആരെങ്കിലും വന്ന് ഹെഡ്മാസ്റ്ററെന്തിയെന്ന് ചോദിച്ചാൽ, ഞങ്ങൾ പറയും ഹെഡ്മാസ്റ്റർ മൂത്രമൊഴിക്കുവാൻ പോയിരിക്കുകയാണെന്ന്. ഒരിക്കൽ സ്കൂൾ പരിശോധിക്കുവാനായി ഇൻസെപ്കടർ കയറിവന്നു. ഞങ്ങളോട് ചോദിച്ച്, നിങ്ങളുടെ ഹെഡ്മാസ്റ്ററെന്തിയേന്ന്?. ഞങ്ങളെല്ലാവരും കൂടി ഉത്തരം പറഞ്ഞു: ഇവിടെയുണ്ട്. ഉടനെ അദ്ദേഹം ചോദിച്ചു, ക്ലാസ്സിലില്ലല്ലൊ. ഉടനെ ഞങ്ങൾ പറഞ്ഞു: മൂത്രമൊഴിക്കുവാൻ

പോയിരിക്കുകയാണെന്ന്. നേരൃത് അവിടെ കിടക്കുന്നത് കൊണ്ട് ആർക്കും സംശയം തോന്നത്തുമില്ല. അദ്ദേഹം ക്ലാസ്സിലെല്ലാം കയറി പരിശോധിച്ചു കൊണ്ടിരിക്കുമ്പോൾ ഹെഡ്മാസ്റ്റർ കയറി വന്നു. അവർ തമ്മിൽ സംസാരിച്ചതിന് ശേഷം ഞങ്ങളുടെ ക്ലാസ്സിലേക്ക് ഇൻസ്പെക്ടർ വന്നു. അദ്ദേഹം ചോദിച്ചു: ഞാൻ നിങ്ങളോട്, ഹെഡ്മാസ്റ്റർ എന്തിയേന്ന് ചോദിച്ചപ്പോൾ നിങ്ങളെന്തിനാ കള്ളം പറഞ്ഞത്. ഉടനെ ഞാൻ പറഞ്ഞു: സാർ ഞങ്ങളെ അങ്ങനെ പറയണമെന്നാ പഠിപ്പിച്ചിരിക്കുന്നത്. ഹെഡ്മാസ്റ്റർ പഠിപ്പിച്ച ഇൻസ്പെക്ടറായിരുന്നതിനാൽ വലിയ പ്രശ്നമുണ്ടായില്ലായെന്ന് വേണം കരുതാൻ. ഏതായാലും അന്നു മുതൽ ആവശ്യത്തിനുവേണ്ട കള്ളമൊക്കെ പറയുവാൻ ഞാൻ പഠിച്ചു. പക്ഷേ അനാവശ്യ കള്ളമൊന്നും ഞാൻ പറഞ്ഞിട്ടില്ല.

ഞങ്ങളുടെ സ്കൂളിൽ ഇന്നത്തെ പോലെ ടൊയിലറ്റ് ഒന്നുമില്ലായിരുന്നു. ഞങ്ങളുടെ വീട് മുതൽ സ്കൂളിന്റെ പടി വരെയുള്ള റോഡിന്റെ ഇരു വശവും ഞങ്ങളുടെ ടൊയിലറ്റായിരുന്നു. പിന്നെ ഞങ്ങളുടെ അടുത്ത് ഒരു ശവക്കോട്ടയുണ്ടായിരുന്നു. അതും അത്യാവശ്യമുള്ളവർക്ക് ഉപയോഗിക്കാമായിരുന്നു. ഉച്ചയ്ക്ക് ഉണ്ടിട്ടു വരുമ്പോൾ ഞങ്ങൾക്ക് അവിടെ പോകുവാൻ പേടിയായിരുന്നു. ഉച്ചയ്ക്കും പാതിരാത്രിക്കുമാണ് പിശാച് ഇറങ്ങുന്നതെന്ന് ഞങ്ങൾക്ക് ഒരു ധാരണ എങ്ങനെയൊ കിട്ടിയിരുന്നു. ശവക്കോട്ടയുടെ അടുത്ത് വരുമ്പോൾ ഞങ്ങൾ നില്ക്കും ആരെങ്കിലും വന്നിട്ടേ പിന്നെ പോകുകയുള്ളു. അന്ന് ഞങ്ങൾ വഴക്കുണ്ടാക്കും അടിപിടിയുണ്ടാക്കും. പക്ഷേ ഇതൊന്നും ഞങ്ങളുടെ സ്നേഹബന്ധത്തെ ഉലച്ചിരുന്നില്ല. സ്നേഹത്തിന്റെ അതിരുകൾ നശിപ്പിക്കാതെ മാത്രമേ ഞങ്ങൾ വഴക്കിടുകയുള്ളയാരുന്നു. എന്റെയഭിപ്രായത്തിൽ പുസ്തകത്തിലെ വൻകാര്യങ്ങളെക്കാളുപരി ജീവിതത്തിന്റെ അനുഭവം പഠിപ്പിക്കുന്ന സ്ഥലമായിരിക്കണം സ്കൂൾ. എന്റെ കൂടെ പഠിച്ച ഒരുത്തൻ ചന്തയിൽ നിന്ന് സാധനങ്ങൾ വാങ്ങി അവരുടെ വീട്ടിൽ കൊണ്ടുപൊയിക്കൊടുക്കുന്ന തൊഴിൽ ചെയ്താ ജീവിക്കുന്നത്. ഞാൻ അവന്റയടുത്തവിടെയെങ്കിലും പ്രസംഗിക്കുന്നുണ്ടെങ്കിൽ അവൻ സാദാ വേഷത്തിൽ എന്റെ പ്രസംഗം കേൾക്കുവാൻ വരും. ഞാനിറങ്ങി ചെന്ന് അവന്റെ കയ്യിൽ പിടിച്ച് അവന്റെ വിശേഷങ്ങൾ തിരക്കും. അവനത് വലിയ സന്തോഷമായിരുന്നു.

ഞങ്ങളുടെ സ്കൂളിൽ ആദ്യമായി ഒരു പെൺസാർ പഠിപ്പിക്കുവാൻ വന്നു. അതും എന്റെ ക്ലാസ്സിലും. എന്റെ അമ്മാച്ചൻ എന്നോട് ചോദിച്ചു. എടാ നിന്നെ ആരാ പഠിപ്പിക്കുന്നത്. ഞാൻ പറഞ്ഞു– ആ




പെൺസാറാ. അമ്മാച്ചൻ അല്പം ആലോചിക്കുന്നത് കണ്ടു. പുള്ളി അല്പം കുരുക്കനാ. എന്നോട് പറഞ്ഞു– എടാ നിന്റെ അപ്പനല്ലേ ആ സ്കൂളിന്റെ മാനേജർ. നിന്നെ പെൺ സാർ പഠിപ്പിക്കേണ്ടാ, ആൺ സാർ പഠിപ്പിച്ചാൽ മതിയെന്ന് പറയണം. നീ ഫീസ് കൊടുത്തല്ലെ പഠിക്കുന്നത്. ആണുങ്ങളെ ആൺ സാർ വേണ്ടായൊ പഠിപ്പിക്കുവാൻ. അപ്പോൾ എനിക്കത് ശരിയാണെന്ന് തോന്നി. പിറ്റെ ദിവസം ഞാൻ സ്കൂളിൽ ചെന്ന് പറഞ്ഞു. എന്നെ പെൺ സാർ പഠിപ്പിക്കേണ്ടാ. മത്തായി സാർ പഠിപ്പിച്ചാൽ മതി. മാനേജരുടെ മകനായതിനാൽ കാര്യം നടക്കുമെന്ന ധാരണയായിരുന്നു. അടി കിട്ടിയില്ലെങ്കിലും, കാര്യം സാധിച്ചില്ല. ടീച്ചറെ കാണുമ്പോൾ പിന്നീട് എനിക്ക് ചമ്മലായി പോയി.

എനിക്ക് അടികിട്ടാത്ത ദിവസങ്ങളില്ലായിരുന്നു. ഒന്നുകിൽ സാറടിക്കും. അല്ലെങ്കിൽ പിള്ളാരടിക്കും. ഏതെങ്കിലും തരത്തിലുള്ള അടി കിട്ടാത്ത ദിവസം എന്റെ ഓർമ്മയിലില്ല.പ്രായമായപ്പോൾ ഞാനമ്മച്ചിയോട് പറഞ്ഞു, അമ്മച്ചിയുടെ ആരോഗ്യത്തിന്റെ കാരണം ഡോക്ടറല്ല. ഞാനാണ്. ഞാൻ വിശദീകരിച്ചു കൊടുത്തു. വഴക്കുണ്ടാക്കുമ്പോൾ അമ്മച്ചി വടിയെടുക്കും. അപ്പോൾ ഞാനോടും. അമ്മച്ചി എന്റെ പിറകെ ഓടും. രണ്ടു വലത്തു ഓടിയതിനു ശേഷം ഞാൻ നിന്നു കൊടുക്കും. അമ്മച്ചി അടിക്കും. അമ്മച്ചിക്ക് കൊളസ്ട്രോൾ ഉണ്ടാവാതിരുന്നതിന്റെ കാരണം എന്നെ അടിക്കുവാൻ ഓടിയതു കൊണ്ടാ. ഞാനൊരു ദിവസം കുസൃതി കാണിച്ചില്ലായിരുന്നുവെങ്കിൽ അമ്മച്ചിക്ക് ഓടുവാനൊക്കത്തില്ലായിരുന്നു. അങ്ങനെ ഓടിയതു കൊണ്ടാ അമ്മച്ചി ജീവനോടെയിരിക്കുന്നതെന്ന് പറയുമായിരുന്നു.

*(ന്യൂവിഷൻ എഡിറ്റർ ഡോ.മാത്യു കോശി പുന്നയ്ക്കാടുമായുള്ള സംഭാഷണത്തിൽ നിന്നും തയ്യാറാക്കിയത്)*

# ധനമോഹവും അന്ധവിശ്വാസവും ഒന്നിച്ചപ്പോൾ സംഭവിച്ചത്

■ ജസ്റ്റിസ് കെ.റ്റി. തോമസ്



ധനസമ്പാദനം സാധാരണ മനുഷ്യരിൽ കുടികൊള്ളുന്ന ഒരു തീവ്രവാഞ്ഛയാണ്. ധനസമ്പാദനത്തിന് സാധാരണയായി നാലു മാർഗ്ഗങ്ങളാണ് മനുഷ്യർ അവലംബിക്കാറുള്ളത്. ഒന്ന്, പൂർവ്വികരിൽ നിന്നും ദായക്രമപ്രകാരം ലഭിക്കുന്ന സമ്പത്ത്, രണ്ട് അദ്ധ്വാനം മൂലം നേടുന്ന സമ്പത്ത്, മൂന്ന് അഴിമതിയിലൂടെ സമ്പാദിക്കുന്ന ധനം, നാല് പിടിച്ചുപറിച്ച് നേടുന്ന സമ്പത്ത്. അതിൽ മോഷണവും ചതിപ്രയോഗവും ഉൾപ്പെടും. മേൽപ്പറഞ്ഞ നാലു മാർഗ്ഗങ്ങളിൽ നിയമം അംഗീകരിച്ചിട്ടുള്ളത് ആദ്യത്തെ രണ്ടെണ്ണമാണ്. പിന്നത്തേത് രണ്ടും നിയമം നിരോധിക്കുകയും അവ കുറ്റകരമാക്കുകയും ചെയ്തിരിക്കുന്നു. ഭാഗ്യ നറുക്കെടുപ്പിലൂടെ കോടികൾ സമ്പാദിക്കുന്നവരെ ഈ കൂട്ടത്തിൽപ്പെടുത്തുന്നില്ല, അത് വളരെ അപൂർവ്വമാണല്ലോ.

അദ്ധ്വാനമില്ലാതെ നേടുന്ന സമ്പത്തിനെ മഹാത്മാഗാന്ധി വിശേഷിപ്പിച്ചത് ഏഴു പാപങ്ങളിൽ ഒന്നായിട്ടാണ്. ജീവികളിൽ സമ്പത്തുപൂഴ്ത്തിവയ്ക്കുന്നത് മനുഷ്യൻ മാത്രമാണ്. സ്ഥാവര സ്വത്തുക്കളിലും സ്വർണ്ണം തുടങ്ങിയവയിലും നിക്ഷേപം നടത്തുന്നത് മനുഷ്യസ്വഭാവമാണ്. പിശുക്കൻ എന്നത് നിർവ്വചിച്ചിരിക്കുന്നത് ജീവിച്ചിരിക്കുമ്പോൾ ദരിദ്രനായി കഴിയുകയും മരിക്കുമ്പോൾ സമ്പന്നനായി മാറുകയും ചെയ്യുന്ന വ്യക്തിയെയാണ്.

പൂർവ്വകാലങ്ങളിൽ ഭൂമിക്കടിയിൽ നിധികൾ കാണപ്പെടുമെന്ന് പലരും വിശ്വസിച്ചിരുന്നു. ഒരുപക്ഷെ വലിയ സമ്പന്നൻമാർ കുടങ്ങളിൽ സ്വർണ്ണശേഖരം നിറച്ച് ആരും അറിയാതിരിക്കാൻ കുഴിച്ചിട്ടതുമൂലം അല്ലെങ്കിൽ കൊള്ളക്കാർ കൊള്ളയടിക്കുന്ന സമ്പത്ത് ഒളിച്ചുവയ്ക്കാൻ ആഴത്തിൽ കുഴികളിൽ നിക്ഷേപിക്കുന്നതു മൂലമോ അങ്ങനെ ഉണ്ടാകാൻ സാദ്ധ്യതകളുണ്ട്. അവയിൽ ഏതെങ്കിലും ഒന്നു യാദൃശ്ചികമായി കണ്ടെടുക്കുമ്പോൾ അയാൾക്കു നിധി കിട്ടിയെന്നു പറയുമായിരുന്നു. പലപ്പോഴും നിധിയുടെ സ്ഥലങ്ങളെ സംബന്ധിച്ച് പല അന്ധവിശ്വാസങ്ങളും ചെയ്തിട്ടുണ്ട്. കൂട്ടത്തിൽപ്പെടുന്ന ഒരു യഥാർത്ഥ സംഭവമാണ് ഈ ലേഖനത്തിൽ വിവരിക്കുന്നത്.

മഹാരാഷ്ട്രയിലെ അഹമ്മഗദ് നഗർ ജില്ലയിൽ നോവാസാ എന്ന താലൂക്കിൽ 1990 കളുടെ ആദ്യ പകുതിയോടുകൂടിയാണ് സംഭവങ്ങൾ നടന്നത്. ബാലു ജോഷി എന്ന ആൾ സാമ്പത്തികമായി വളരെ ഞെരുക്കത്തിലായിരുന്നു. അയാൾ ഗുരുജി എന്ന് അറിയപ്പെടുന്ന ആളോട് ഉപദേശം ചോദിച്ചു. അയാളുടെ പുരയിടത്തിൽ ഒരു വൻ നിധി ശേഖരം ആഴത്തിൽ കിടപ്പുണ്ടെന്നും, അത് എവിടെയാണെന്ന് അറിയുന്നതിന് ഒരു മന്ത്രവാദി അയാൾക്ക് ഒരു ഉപാധി പറഞ്ഞുകൊടുത്തിട്ടുണ്ടെന്നും ഗുരുജി അറിയിച്ചു. പക്ഷെ, ആ ഉപാധി നടപ്പിലാക്കാൻ അയാൾക്ക് ഒറ്റയ്ക്ക് സാധിക്കാത്തതുകൊണ്ട് ബാലു ജോഷിയുടെ സഹായം അഭ്യർത്ഥിച്ചു. മന്ത്രവാദി പ്രശ്നംവച്ചപ്പോൾ ആ ഉപാധി എന്താണെന്നും കണ്ടുപിടിച്ചു. അഞ്ചുകുട്ടികളെയെങ്കിലും ഓരോരുത്തരെയായി ബലി കൊടുത്തുകഴിഞ്ഞാൽ നിധിയുടെ വൻ ശേഖരം എവിടെ ഉണ്ടെന്നു വ്യക്തമായ സൂചന ലഭിക്കുമെന്നു മന്ത്രവാദി പറഞ്ഞു. അതിൻ പ്രകാരം ആദ്യം ബലി കഴിക്കേണ്ടതു ഒരു ബാലികയെ ആയിരുന്നു.

ഒരു മാർച്ചുമാസത്തോടുകൂടി ബാലു ജോഷിയ്ക്ക് ഗുഡ്ഢി എന്നു പേരായ ഒരു പെൺകുട്ടിയെ വശീകരിച്ചുകൊണ്ടു പോകുവാൻ സാധിച്ചു. കൂട്ടുകാരുമൊത്തു കളിച്ചുകൊണ്ടിരുന്നപ്പോൾ മധുരപലഹാരം കാണിച്ച്

**അദ്ധ്വാനമില്ലാതെ നേടുന്ന സമ്പത്തിനെ മഹാത്മാഗാന്ധി വിശേഷിപ്പിച്ചത് ഏഴു പാപങ്ങളിൽ ഒന്നായിട്ടാണ്. ജീവികളിൽ സമ്പത്തു പൂഴ്ത്തിവയ്ക്കുന്നത് മനുഷ്യൻ മാത്രമാണ്. സ്ഥാവരസ്വത്തുക്കളിലും സ്വർണ്ണം തുടങ്ങിയവയിലും നിക്ഷേപം നടത്തുന്നത് മനുഷ്യസ്വഭാവമാണ്.**

അവളെ ആകർഷിച്ചെടുക്കുകയായിരുന്നു. ഗുരുജി എന്നയാളുടെ അടുത്ത് അവളെ ഏല്പിച്ചുകഴിഞ്ഞ് പ്രതികൾ ചേർന്ന് അവളെ നന്നായി കുളിപ്പിച്ചു. അവളുടെ കണ്ണുകൾ കെട്ടിക്കഴിഞ്ഞ് കാലുകൾ ബലമായി അകറ്റിയിട്ട് ഒരു കത്തികൊണ്ട് അവളുടെ ഗുഹ്യപ്രദേശത്ത് കുരിശിന്റെ രൂപത്തിൽ ആഴത്തിൽ മുറിവ് ഉണ്ടാക്കി അതിലൂടെ ഊർന്നുവന്ന രക്തം മുഴുവൻ ഒരു കലത്തിൽ ശേഖരിച്ചു. അതിനുശേഷം ബാലികയെ കഴുത്തു ഞെരിച്ചു കൊന്നു. ശവം ഒരു ചാക്കിൽ പൊതിഞ്ഞ് അടുത്തുള്ള ഡാമിൽ തള്ളി. രക്തം നിറഞ്ഞ കുടം ഏതൊക്കെയോ മന്ത്രവാദം ചെയ്തശേഷം പുരിയിടത്തിൽ കുഴിച്ചിട്ടു. പെൺകുട്ടിയെ കാണാതായിതിനെ തുടർന്നു വിപുലമായി അന്വേഷണം നടത്തിയപ്പോൾ ഡാമിൽ ശവം പൊങ്ങി കിടക്കുന്നതുകണ്ടു. പോലീസ് അന്വേ

ഷണം നടത്തിയിട്ടും ഒരു തുമ്പും കിട്ടിയിട്ടില്ല കുറെ നാളത്തേക്ക് നിധി അന്വേഷകർ മൗനം പാലിച്ചിരുന്നു.

ഏതാനും മാസങ്ങൾ കഴിഞ്ഞ് അഞ്ചു വയസുള്ള ഒരു ബാലനെ അവർ വശീകരിച്ചു പിടിച്ചുകൊണ്ടുപോയി. അവന്റെ ലിംഗം ഛേദിച്ച് രക്തം കുടത്തിൽ ശേഖരിച്ചതിനു ശേഷം അവന്റെ തലക്കടിച്ച് അവനെ കൊന്നു. ജഡം കനാലിൽ തന്നെ ഒഴുക്കി.

13/2/1995-ൽ ദീപക് എന്ന പയ്യനെ കാണാതായി ഒടുവിൽ അവന്റെ ജഡം ലിംഗം ഛേദിക്കപ്പെട്ട നിലയിൽ കണ്ടെത്തി. ഇങ്ങനെ മൂന്നു കുട്ടികളുടെ തിരോധാനവും പിന്നീട് അവരുടെ ജഡം കനാലിൽ കണ്ടതും ആ ഗ്രാമത്തിലും ചുറ്റുപാടും വലിയ പ്രകമ്പനം സൃഷ്ടിച്ചു. സ്കൂളുകളിലും വീടുകളിലും കുട്ടികൾ ആരുടെയും വലയിൽ വീഴാതിരിക്കാനുള്ള മുൻകരുതലുകൾ അദ്ധ്യാപകരും മാതാപിതാക്കളും ചെയ്തുകൊണ്ടിരുന്നു. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ രംഗം ശാന്തമായി എന്നു കണ്ട് ബാലു ജോഷി മറ്റൊരു ലക്ഷ്യമിട്ടു. സാഗർ എന്നു പേരുള്ള ഒരു കുട്ടിയെ മധുര പലഹാരം കൊടുത്ത് വശീകരിക്കാൻ ബാലു ജോഷി മൂന്നു നാലു ദിവസമായി പ്രവർത്തിച്ചു നോക്കി. സാഗർ ഈ വിവരം അവന്റെ മാതാപിതാക്കളോടു പറഞ്ഞു. അവന്റെ അച്ഛൻ ഈ വിവരം പോലീസിനെ അറിയിച്ചു. പോലീസ് രഹസ്യ നിരീക്ഷണം നടത്തിക്കൊണ്ടിരിക്കവെ 26/2/1995-ൽ ബാലു ജോഷിയെ പിടികൂടി. അതിനെത്തുടർന്നു സംഭവങ്ങളുടെ ചുരുൾ അഴിഞ്ഞു. അഞ്ചു പ്രതികളെയും പോലീസ് പിടികൂടി. ഒന്നാം പ്രതി മജിസ്ട്രേട്ടിന്റെ മുമ്പാകെ എല്ലാ വിവരങ്ങളും ഏറ്റുപറഞ്ഞു.

വൻ സ്വർണ്ണശേഖരം അടങ്ങുന്ന നിധികിട്ടുമെന്ന് ഉറപ്പായി വിശ്വസിച്ചു പോയവർ അതിലേക്കു മന്ത്രവാദി നിർദ്ദേശിച്ച് ഉപാധി അന്ധമായി വിശ്വസിക്കുകയും ധനക്കൊതി അവരെ പൈശാചിക രൂപങ്ങളായി മാറ്റുകയും ചെയ്തപ്പോൾ ഒരു ഗ്രാമത്തിൽ സംഭവിച്ച പ്രത്യാഘാതങ്ങൾ എന്തെല്ലാമായിരുന്നു എന്ന് ഇത് വ്യക്തമാക്കുന്നു.

സെഷൻസ് കോടതിയിൽ ഏറ്റവും പ്രധാന തെളിവായി നിരത്തിയത് 1-ാം പ്രതി മജിസ്ട്രേട്ടിന്റെ മുമ്പിൽ പറഞ്ഞ കുറ്റസമ്മത മൊഴി ആയിരുന്നു. പ്രോസിക്യൂഷൻ കേസ് സംശയാതീതമായി തെളിയിക്കുവാൻ കഴിഞ്ഞു എന്ന് ബോദ്ധ്യപ്പെട്ട സെഷൻസ് ജഡ്ജി എല്ലാ പ്രതികളെയും വധശിക്ഷയ്ക്ക് വിധിച്ചു. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ. പ്രതികളുടെ അപ്പീൽ ഹൈക്കോടതിയിൽ വാദത്തിനു വരുന്നതിനു മുമ്പ് കേസിലെ ഒന്നാം പ്രതി മരിച്ചുപോയി. കുറ്റസമ്മതമൊഴി നിയമപ്രകാരം തെളിവായി സ്വീകരിക്കുന്നതിലേക്കുള്ള പ്രധാന വ്യവസ്ഥകളിൽ ഒന്ന് കുറ്റം സമ്മതം നടത്തിയ പ്രതിയ്ക്ക് കുറ്റസമ്മതത്തിൽ അയാൾ പേരു പറഞ്ഞ മറ്റു പ്രതികളും ഒരേ കേസ്സിൽ തന്നെ വിചാര ചെയ്യപ്പെടേണ്ടതെന്നത്രേ. ഈ കേസ്സിൽ കുറ്റസമ്മതം നടത്തിയ പ്രതി മരിച്ചുപോയതിനെ തുടർന്ന് ആ തെളിവു പൂർണ്ണമായി നിരുപയോഗമായിത്തീർന്നു. അതിനാൽ ബോംബെ ഹൈക്കോടതി എല്ലാ പ്രതികളേയും വെറുതെ വിട്ടുകൊണ്ട് വിധി പറഞ്ഞു.

ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ മഹാരാഷ്ട്ര ഗവൺമെന്റ് ബോധിപ്പിച്ച അപ്പീൽ വാദം കേട്ടത് ഞാൻ സീനിയർ ജഡ്ജി ആയ ബഞ്ചിലായിരുന്നു. കുറ്റസമ്മതമൊഴി നിരുപയോഗമായ സാഹചര്യത്തിൽ സുപ്രീംകോടതിയ്ക്കും എന്തു ചെയ്യാൻ സാധിക്കും എന്നത് ഒരു പ്രശ്നമായി.

എന്നാൽ ഞങ്ങൾ ആ കടമ്പ ഒരു നവീന വ്യാഖ്യാനം ഉപയോഗിച്ച് മറികടന്നു. ഗൂഢാലോചന കുറ്റംകൂടി പ്രതികളുടെ മേൽ ചുമത്തപ്പെട്ടതുകൊണ്ട് മരിച്ചുപോയ പ്രതിയുടെ കുറ്റസമ്മത മൊഴി തീർത്തും നിരുപയോഗമായിട്ടില്ല എന്ന് തെളിവുനിയമത്തിലെ 10-ാം വകുപ്പിനു പുതിയ വ്യാഖ്യാനം കൊടുത്തുകൊണ്ട് ഞാൻ വിധിയെഴുതി. ഭാഗ്യവശാൽ എന്റെ ആ പുതിയ നിയമ വ്യാഖ്യാനം ബഞ്ചിലെ മറ്റു ന്യായാധിപന്മാരും പിന്തുണച്ചു. ഞങ്ങൾ ബോംബെ ഹൈക്കോടതിയുടെ വിധി അസ്ഥിരപ്പെടുത്തുകയും സെഷൻസ് കോടതിയുടെ വിധി പുനഃസ്ഥാപിക്കുകയും ചെയ്തു. എങ്കിലും പ്രത്യേക സാഹചര്യത്തിൽ പ്രതികൾക്ക് ജീവപര്യന്തം ശിക്ഷയാണ് ഞങ്ങൾ വിധിച്ചത്.

ഇവിടെ അന്ധവിശ്വാസത്തിന് കൂടുതൽ പൈശാചികത്വം വന്നു ചേർന്നത് ധനസമ്പാദനത്തിനുള്ള ആർത്തി എവിടംവരെ മനുഷ്യനെ ക്കൊണ്ടെത്തിച്ചു എന്ന് കാണാം. സാഗർ എന്ന പയ്യൻ പ്രതികളുടെ വലയിൽ വീണില്ലായിരന്നു എങ്കിൽ എത്ര കുഞ്ഞുങ്ങൾകൂടി കൊല്ലപ്പെടുമായിരുന്നു എന്ന് പ്രവചിക്കാൻ സാധ്യമല്ല. ഇൻഡ്യൻ ഭരണഘടനയിൽ പൗരന്മാരുടെ മൗലിക ചുമതലകളിൽ ഒന്ന് അന്ധവിശ്വാസങ്ങളിൽ നിന്നും മനുഷ്യരെ മോചിപ്പിച്ചെടുക്കുന്നതിന് ഓരോരുത്തർക്കും ഉള്ള കടമയെ സൂചിപ്പിച്ചുകൊണ്ടാണ് അന്ധവിശ്വാസത്തിൽ നിന്നുള്ള മോചനം വിദ്യാസമ്പാദനത്തിൽകൂടിയാണ് ലഭ്യമാക്കേണ്ടത്.



# മിഷ്യനറി പ്രസ്ഥാനവും കേരളത്തിലെ സാമൂഹ്യ വ്യതിയാനങ്ങളും



■ പ്രൊഫ. നൈനാൻ കോശി

കേരളത്തിലെ സാമൂഹ്യ വ്യതിയാനങ്ങളിൽ മിഷ്യനറി പ്രസ്ഥാനത്തിന്റെ സ്വാധീനത്തെപ്പറ്റിയുള്ള സമഗ്രമായ ഒരു അവതരണമല്ല ഇത്. കേരളത്തിൽ സി.എം.എസ്. മിഷ്യനറിമാരുടെ ആഗമനത്തിന്റെ ദ്വിശതാബ്ദി ആഘോഷിക്കുന്നതിന്റെ പാശ്ചാത്തലത്തിൽ, അവരുടെ പ്രവർത്തനങ്ങളെപ്പറ്റിയാണ് മുഖ്യമായും ഈ അവതരണം.

വിശാലമായ സമൂഹത്തിലേക്ക് സി.എം.എസ്. മിഷ്യനറിമാരെ നയിച്ചത്, അവരുടെ ദൗത്യത്തിലുണ്ടായ വ്യതിയാനമാണ്. സഭയിലെ, അല്ലെങ്കിൽ സഭയിലേക്കുള്ള ദൗത്യത്തിന് പകരം പാർശ്വങ്ങളിലെ അല്ലെങ്കിൽ പാർശ്വങ്ങളിലേക്കുള്ള ദൗത്യവ്യതിയാനമാണുണ്ടായത് (From a mission in or to the church to a mission in or to the margins)

കേരളത്തിലെ പുരാതന സഭയുടെ നവീകരണമായിരുന്നു സി.എം.എസ്. മിഷ്യനറിമാരുടെ ദൗത്യം. ആംഗ്ലിക്കൻ സഭ സ്ഥാപിക്കുകയായിരുന്നില്ല. എന്നാൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ, പ്രത്യേകിച്ചും ദളിതരുടെ ഇടയിലെ ദൗത്യം അവരിൽ നിന്ന് ക്രിസ്തുമതത്തിലേക്കു വരുന്നവർക്കു സഭയുടെ കൂട്ടായ്മ നൽകുന്നതിന് ഒരു സംവിധാനം ആവശ്യമായിരുന്നു. ഇതിനായാണ് കേരളത്തിൽ ആംഗ്ലിക്കൻ സഭ സ്ഥാപിച്ചത്.

ദളിതരുമായുള്ള ഐക്യദാർഢ്യത്തിന്റെ പ്രഖ്യാപനമായിരുന്നു ഇന്നത്തെ സി.എസ്.ഐ മദ്ധ്യ കേരള മഹായിടവകയുടെ മുൻഗാമിയായിരുന്ന ഈ പ്രദേശത്തെ ആംഗ്ലിക്കൻ സഭയുടെ സ്ഥാപനം. പുതിയൊരു കൂട്ടായ്മയ്ക്ക് ദളിതരുമായുള്ള ഉടമ്പടിയായിരുന്നു അത്.

മിഷ്യനറിമാരുടെ ഈ ദൗത്യവ്യതിയാനമാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ കേരളത്തിലുണ്ടായ വിപ്ലവാത്മകമായ സാമൂഹ്യ വ്യതിയാനങ്ങളിൽ ഒരു പ്രധാന പങ്കുവഹിക്കാനുള്ള സാഹചര്യവും സാധ്യതകളും ഉണ്ടാക്കിയത്. ആ അമ്പതുവർഷങ്ങളിൽ നൂറ്റാണ്ടുകളായി ഉണ്ടാകാതിരുന്ന സാമൂഹ്യപരിവർത്തനം കേരളത്തിലുണ്ടായി.

പാർശ്വവൽക്കരിക്കപ്പെട്ട, നീതിനിഷേധിക്കപ്പെട്ട അടിച്ചമർത്തപ്പെട്ട, ചൂഷണം ചെയ്യപ്പെട്ട ഒരു വലിയ വിഭാഗത്തെയാണ് ദൗത്യവ്യതിയാത്തോടെ മിഷ്യനറിമാർ കണ്ടതും തിരിച്ചറിഞ്ഞതും. ഇന്ത്യയിൽ ജാതിസമ്പ്രദായം അതി രൂക്ഷമായുള്ള ഒരു പ്രദേശമായിരുന്നു കേരളം. അടിമ സമ്പ്രദായം വ്യാപകമായിരുന്നു. പുരാതന സുറിയാനി സഭയാണെങ്കിൽ ജാതി വ്യവസ്ഥിതിക്കുള്ളിൽ സൗകര്യപ്രദമായ ഒരു സ്ഥാനം ലഭിച്ചുവെന്ന ധാരണയിലായിരുന്നു. ആ സ്ഥാനം നഷ്ടപ്പെടാതിരിക്കാൻ സുവിശേഷത്തിന്റെ വെളിച്ചം സഭയുടെ മതിലുകൾക്കപ്പുറത്ത് പ്രാന്തവൽക്കരിക്കപ്പെട്ട "പുറംജാതി"കളെന്ന് മുദ്രകുത്തപ്പെട്ട വിഭാഗങ്ങളിലെത്തിക്കാതിരിക്കുകയാണ് നല്ലതെന്ന നിഗമനത്തിലെത്തിയെന്നു തോന്നുന്നു.

ഒരു ചോദ്യം പ്രസക്തമാണ്. ഇന്ത്യയിൽ മറ്റൊരിടത്തും സഭയുണ്ടായിരുന്നില്ല. രൂക്ഷമായി ജാതിസമ്പ്രദായവും, അടിമവ്യവസ്ഥിതിയും നിലനിന്ന കേരളത്തിൽ എന്തായിരുന്നു സഭയുടെ സാക്ഷ്യം? അയിത്തവും, അനാചാരങ്ങളുമെല്ലാം സഭയ്ക്കു സ്വീകാര്യമായിരുന്നോ?

അടിമ സമ്പ്രദായം മിഷ്യനറിമാർക്കു ഞെട്ടലുണ്ടാക്കി. അടിമകളുടെ കുട്ടികൾ അടിമകൾതന്നെ. "മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു"വെന്ന തത്വം അവരെ സംബന്ധിച്ചിടത്തോളം അർത്ഥശൂന്യമായിരുന്നു. റവ. ജോർജ്ജ് മാത്തന്റെ ലേഖനങ്ങൾ അന്നത്തെ അധസ്ഥിതരുടെ അവസ്ഥയെപ്പറ്റിയുള്ള നല്ല പഠനങ്ങളാണ്. ഈ വിഭാഗത്തിന്റെ വിമോചനത്തിനും ശക്തീകരണത്തിനുമാണ് മിഷ്യനറി പ്രവർത്തനം കാരണമായത്.

അടിമവ്യാപാരത്തിനെതിരെ, 1847-ൽ മിഷ്യനറിമാർ മെമ്മോറാണ്ടം സമർപ്പിച്ചു. 1853-ൽ അടിമസമ്പ്രദായം നിയമവിരുദ്ധമാണെന്നു സർക്കാർ വിളംബരമുണ്ടായി.

സമൂഹത്തിലുള്ള പ്രവർത്തനത്തെ, സുവിശേഷീകരണവുമായി ബന്ധിപ്പിച്ചല്ല മിഷ്യനറിമാർ തുടങ്ങിയത്. എന്നാൽ അങ്ങനെയാണ് ഭൂവുടമകൾ ആദ്യംമുതൽ കണ്ടത്. ക്രിസ്തുമതത്തിലേക്കു ആയിരക്കണക്കിനാളുകൾ "പുറംജാതികളി"ൽ നിന്നും വന്നത് മിഷ്യനറിമാർ സമൂഹത്തിലുണ്ടാക്കിയ പുരോഗമനചലനങ്ങളുടെ ഫലമാണ്. ഈ പരിവർത്തനം ഒരു ബഹുവചന പ്രസ്ഥാനമായിരുന്നു; ഒരു പ്രതിഷേധ പ്രകടമായിരുന്നു.

മിഷ്യനറിമാർ നേതൃത്വം നൽകിയ ഏറ്റവും വലിയ സാമൂഹ്യ വ്യതിയാനങ്ങളിലൊന്ന് കാർഷിക ബന്ധങ്ങളിലെ മാറ്റമായിരുന്നു. ഒരു അവകാശങ്ങളുമില്ലാത്ത അടിമകളും, ഭാഗിക അടിമകളെന്നു പറയാവുന്ന അടിയാന്മാരുമായിരുന്നു പണിയെടുത്തിരുന്നത്. ഭൂവുടമകൾ അവരെ എല്ലാവിധത്തിലും ചൂഷണം ചെയ്യുകയായിരുന്നു. മനുഷ്യത്വരഹിതമായിരുന്നു അവരുടെ പെരുമാറ്റം യാതനാപൂർണമായിരുന്നു പണിയെടുത്തുവരുടെ ജീവിതം, മർദ്ദനവും

പീഡനവും നിറഞ്ഞ ജീവിതം.

കാർഷിക രംഗത്തെ ഈ ബന്ധങ്ങളിൽ മാറ്റമുണ്ടാക്കിയത് മിഷ്യനറിമാരാണ്. അടിമത്തം അവസാനിച്ചു. സുവിശേഷത്തിന്റെ വെളിച്ചത്തിൽ പണി ചെയ്തിരുന്നവർ സ്വാതന്ത്ര്യത്തിന്റെ ആദ്യകിരണങ്ങൾ കണ്ടു. അവരുടെ സ്വയംധാരണയിൽ മാറ്റമുണ്ടായി. പുതിയൊരു അവബോധം അവർക്കുണ്ടായി. വിമോചനത്തിന്റെയും, ശാക്തീകരണത്തിന്റെയും പ്രതിഫലനങ്ങൾ കണ്ടു.

പുഞ്ചവയലിലെ പാട്ടുകളുടെ ഈണം മാറിയിട്ടില്ല. കൊയ്ത്തു പാട്ടുകളുടെ താളവും മാറിയില്ല. എന്നാൽ അവയിലെ ആശയങ്ങൾ മാറി, പദങ്ങൾ മാറി, വിടുതൽ, വിമോചനം, ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം ഇവയൊക്കം പാട്ടുകളിൽ ഇടംകണ്ടു. പാടത്തെ പാട്ടുകൾ പലതും ക്രിസ്തീയഗാനങ്ങളായി.

അടിമകളുടെയും, അടിയാന്മാരുടെയും സ്ഥാനത്ത് പണിയാളുകളായി; പിന്നെ തൊഴിലാളികളായി. ഇവിടെയാണ് കർഷക തൊഴിലാളി വർഗം ജന്മമെടുത്തത്. ആദ്യത്തെ കർഷക തൊഴിലാളി സമരങ്ങൾ നടത്തിയത് ദളിത് തൊഴിലാളികളായിരുന്നു. മറുവശത്ത്, ഭൂവുടമകളുടെ ഭാഗത്ത് സുറിയാനി ക്രിസ്ത്യാനികളുമുണ്ടായിരുന്നു. പല സമരങ്ങളിലും മിഷ്യനറിമാർ തൊഴിലാളികളുടെ ഭാഗത്തായിരുന്നു.

വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനമാണ് സാമൂഹ്യവ്യതിയാനത്തിന് ഏറ്റവും വലിയകാരണങ്ങളിൽ ഒന്ന്, വിദ്യാഭ്യാസം ചില ഉന്നതജാതികളിലുള്ളവർക്കുമാത്രവും മതപരവുമായിരുന്ന കാലഘട്ടത്തിലാണ് മിഷ്യനറിമാർ വിദ്യാഭ്യാസ രംഗത്ത് പ്രവേശിക്കുന്നത്. കേരളത്തിന്റെ സാമൂഹ്യ പുരോഗതിയുടെ അടിത്തറ മതേതര, സാർവത്രിക പൊതു വിദ്യാഭ്യാസമാണ്. മിഷ്യനറിമാരുടെ ഏറ്റവും വലിയ ഒരു സംഭാവന അത്തരം ഒരു പൊതുവിദ്യാഭ്യാസത്തിന് ആരംഭം നൽകി വളർത്തിയെന്നതാണ്. ഇത് ചരിത്രപ്രാധാന്യം അർഹിക്കുന്നു. ലോകത്തിൽ ആദ്യമായി മതേതര പൊതുവിദ്യാഭ്യാസം തുടങ്ങിയ രാജ്യം ഇന്ത്യയായിരുന്നുവെന്ന് "ഇന്ത്യ ആസ് എ സെക്കുലർ സ്റ്റേറ്റ്" (India as a Secular State) എന്ന വിഖ്യാത ഗ്രന്ഥത്തിൽ ഡൊണാൾഡ് യൂജിൻ സ്മിത്ത് രേഖപ്പെടുത്തിയിരിക്കുന്നു. പാശ്ചാത്യരാജ്യങ്ങളിൽ വിദ്യാലയങ്ങൾ സഭയുടെ കീഴിലായിരുന്ന കാലത്ത് ഇന്ത്യയിൽ മിഷ്യനറിമാർ ഗവൺമെന്റുകളുണ്ടാക്കിയ ചട്ടക്കൂടിനുള്ളിൽ മതേതര പൊതുവിദ്യാഭ്യാസം ആരംഭിച്ചു. ബംഗാളിലും ഇതാണുണ്ടായത്. ബംഗാളിലെ നവോത്ഥാനത്തിന്റെ പിന്നിലെ പ്രചോദനശക്തികളിലൊന്ന് മിഷ്യനറിമാർ നേതൃത്വം നൽകിയ വിദ്യാഭ്യാസമാണ്.

സി.എം.എസ്. മിഷ്യനറിമാർ ആരംഭം കുറിച്ചത് ഒരു പുതിയ യുഗത്തിനായിരുന്നു. സഭയുടെ പരിധികൾക്ക് അപ്പുറത്ത് വിശാലമായ സമൂഹത്തിൽ, സുവിശേഷത്തിന്റെ വെളിച്ചത്തിൽ മാറ്റങ്ങളുണ്ടാക്കുകയോ, മാറ്റങ്ങൾക്കു പ്രേരകശക്തിയാകുകോ, ആയിരുന്നു മിഷ്യനറിമാർ. യാഥാസ്ഥിതികമായ ഒരു സഭയുടെ സ്ഥാനത്ത് സമൂഹം കണ്ടത് സാമൂഹ്യ വ്യതിയാനത്തിന്റെ സന്ദേശം നൽകിയ മിഷ്യനറിമാരെയാണ്. പരമ്പരാഗതമായ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ അവർ ശബ്ദം ഉയർത്തി. കർമ്മ പരിപാടികളുണ്ടാക്കി.

പെൺകുട്ടികൾക്കു വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിയ മിഷ്യനറിമാർ സർക്കാരിനും പ്രചോദനം നൽകി. കേരളീയ വനിതകൾ ഇന്ത്യയിലെ വനിതകളിൽ ഏറ്റവും മുൻപന്തിയിലെത്താൻ കാരണവും ഇതാണ്. കേരള സ്ത്രീകളുടെ വിമോചനത്തിന്റെയും ശക്തീകരണത്തിന്റെയും തുടക്കം ഇവിടെയാണ്.

പുരാതന ക്രൈസ്തവ സഭയിൽ നവീകരണമുണ്ടാക്കുകയെന്നതായിരുന്നല്ലോ സി.എം.എസ്. മിഷ്യനറിമാരുടെ ദൗത്യം. ഇതിന് ഓർത്തഡോക്സ് സഭയുമായി സി.എം.എസ് ഒരു കരാറുമുണ്ടാക്കിയിരുന്നു. ഈ ദൗത്യത്തിൽ ഭാഗികമായി വിജയമേ ഉണ്ടായിരുന്നുള്ളൂ. നവീകരണത്തിന് മിഷ്യനറിമാർ നൽകിയ നിർദ്ദേശങ്ങൾ – അഥവാ വ്യവസ്ഥകൾ പുരാതന സഭ നിരസിച്ചപ്പോൾ സി.എം.എസിന്റെ ഈ പ്രത്യേക ദൗത്യം അവസാനിച്ചു.

സഭാ ചരിത്രത്തിന്റെ ഈ ഘട്ടം പുനരവലോകം ചെയ്യുന്നത് നന്നായിരിക്കും.കേരളത്തിലെ പുരാതന സഭയുടെ സാക്ഷ്യത്തിന്റെ സ്വഭാവം മിഷ്യനറിമാർ കൊണ്ടുവന്ന പുതിയ ധാരണകളും വിലയിരുത്തപ്പെടണം. സി.എം.എസ് മിഷ്യനറിമാരുടെ ദൗത്യവ്യതിയാനത്തിനുള്ള വിശദീകരണവും ഇവിടെ കണ്ടെത്താം.

മിഷ്യനറിമാരുടെ നവീകരണസന്ദേശം സഭയിലും പുറത്തും സ്വാധീനം ചെലുത്തി. സുറിയാനി സഭയിൽ നിന്നുകൊണ്ടുതന്നെ നവീകരണത്തെ സ്വീകരിച്ചവരുടെ ശ്രമത്തിന്റെ ഫലമാണ് മാർത്തോമ്മാ സഭ. പാലക്കുന്നത് ഏബ്രഹാം മൽപ്പാന്റെ നവീകരണദൗത്യം സഭയുടെ ചരിത്ര



ത്തിൽ പുതിയൊരു അദ്ധ്യായത്തിന്റെ ആരംഭമായിരുന്നു. മാർത്തോമ്മാ സഭയുടെ സുവിശേഷസംഘത്തിന്റെ ആദ്യകാല കൺവൻഷനുകളിൽ പ്രധാന പ്രസംഗകർ സി.എം.എസ് മിഷ്യനറിമാരായിരുന്നു.

മിഷ്യനറി പ്രവർത്തനത്തിന്റെ പ്രചോദനത്തെപ്പറ്റി പറയുമ്പോൾ പരാമർശിക്കപ്പെടേണ്ട ഒരു പേരുണ്ട്, പൊയ്കയിൽ യോഹന്നാന്റേത്. മിഷ്യനറിമാരോടു പ്രതിഷേധിച്ചാണ് ആംഗ്ലിക്കൻ സഭയ്ക്കു പുറത്തുപോയതും, ഒരു പുതിയ സഭ സ്ഥാപിച്ചതും. പൊയ്കയിൽ യോഹന്നാൻ സ്ഥാപിച്ച സഭയേക്കാൾ പ്രധാനം അദ്ദേഹം നേതൃത്വം നൽകിയ ദളിത് വിമോചന പ്രസ്ഥാനമായിരുന്നു. വളരെവേഗം അദ്ദേഹം കേരളത്തിലെ ദലിതരുടെ അനിഷേധ്യ നേതാക്കളിലൊരാളായിരുന്നു. പൊയ്കയിൽ യോഹന്നാന്റെ ദൈവശാസ്ത്രം നമുക്ക് സ്വീകാര്യമല്ലെങ്കിലും, ദളിത് സമൂഹത്തിന് നൽകിയ സംഭാവനയും, മിഷ്യനറി പ്രസ്ഥാനത്തോട് അദ്ദേഹത്തിനുണ്ടായിരുന്ന പ്രതികരണവും പുതുതായി വിലയിരുത്തണം.

കേരള നവോത്ഥാനത്തിന്റെ അടിത്തറ പാകിയത് മിഷ്യനറിമാരാണ്. സഭയ്ക്കുള്ളിലെ നവീകരണം സമൂഹത്തിന്റെ നവീകരണത്തിനും കാരണമാകും. നവീകരണത്തിന് നേതൃത്വം നൽകിയ ഏബ്രഹാം മല്പാനം, അതിന്റെ പിന്നിലുണ്ടായിരുന്ന മിഷ്യനറിമാരും ശ്രീനാരായണ ഗുരുവുമുണ്ടാക്കിയ വിപ്ലവത്തിന് ഒരു നൂറ്റാണ്ടുമുമ്പ് നവോത്ഥാനത്തിന്റെ പാത വെട്ടിത്തെളിച്ചുതുടങ്ങിയിരുന്നു. ജനജീവിതത്തിന്റെ എല്ലാ തലങ്ങളെയും സ്പർശിക്കുന്ന വ്യതിയാനങ്ങളാണ് ആ കാലഘട്ടത്തിലുണ്ടായത്. യൂറോപ്പിലെ നവോത്ഥാനത്തിന്റെ സർഗാത്മകത മനസ്സിലാക്കിയാണ് മിഷ്യനറിമാർ കേരളക്കരയിലെത്തുന്നത്. നവോത്ഥാനത്തിനായി കാത്തിരിക്കുന്ന ഒരു സമൂഹത്തെയാണ് അവർ ഇവിടെ കണ്ടത്. ആവശ്യവും അഭിലഷണീയവുമായ സാമൂഹ്യ വ്യതിയാനങ്ങളുടെ പ്രക്രിയയിൽ അവർ പങ്കാളികളായി. കേരളത്തിന്റെ നവോത്ഥാനചരിത്രത്തിൽ അങ്ങനെയാണ് ഒരു പ്രമുഖസ്ഥാനം അവർ നേടിയെടുത്തത്.

ഭാഷ, സാഹിത്യം, പത്രപ്രവർത്തനം തുടങ്ങിയ മേഖലകളിൽ മിഷ്യനറിമാർ നൽകിയ വിലയേറിയ സംഭാവനകൾ കേരളനവോത്ഥാനത്തിന്റെ ആക്കം കൂട്ടി. “കേരളീയ ജീവിതത്തിൽ നിന്ന് പെറുക്കിയെടുത്ത പദങ്ങൾ കൊണ്ടാണ് ഈ പുത്തൻ മലയാളത്തിന്റെ അടിത്തറ കെട്ടിയത്” (പി.കെ. ഗോപാലകൃഷ്ണൻ). മിഷ്യനറിമാരുടെ പത്രപ്രവർത്തനം കേരളത്തിന് പുറത്തുള്ള ലോകത്തെപ്പറ്റിയുള്ള അറിവുകൾ നല്കി. ജ്ഞാനനിക്ഷേപം കേവലം സഭാകാര്യങ്ങളിൽ ഒതുങ്ങിനിന്നില്ല. ഭാഷയിലുണ്ടായ പുരോഗതി സംവേദനവും, സംവാദവും സുഗമമാക്കി. കേരളനവോത്ഥാനത്തിന് ഇതും ഒരു മുതൽക്കൂട്ടായിരുന്നു.

സി.എം.എസ്. മിഷ്യനറിമാരുടെ പ്രവർത്തനം ഇന്നും നമുക്ക് എന്തു സന്ദേശമാണ് ൻകുന്നത്? ചരിത്രത്തിൽ നിന്ന് എന്തു പാഠങ്ങളാണ് നാം ഉൾക്കൊള്ളുന്നത്?

ചോദ്യങ്ങളുടെ രൂപത്തിൽതന്നെ ഇവ ഞാൻ അവതരിപ്പിക്കട്ടെ. ചോദ്യങ്ങളിൽ സ്വയം വിമർശനവും, പ്രതീക്ഷകളും അടങ്ങിയിരിക്കുന്നു.

നമ്മുടെ സഭയ്ക്കു ദളിതരുമായുള്ള ഐക്യദാർദ്യഢ്യത്തിന്റെ ഇന്നത്തെ സ്ഥിതി എന്താണ്? അത് ബലഹീനമാക്കുന്ന ഘടകങ്ങൾ എന്താണ്? ദളിതരമായുള്ള പ്രത്യേക ഉടമ്പടിയുടെ ഫലമായി സഭയിലെ കൂട്ടായ്മ നിലനിർത്താൻ നാം എന്താണ് ചെയ്യുന്നത്?

ഒരു പക്ഷേ ആരും തന്നെ ഉയർത്തേണ്ട ഒരു ചോദ്യമുണ്ട്? സി.എം.എസ്. മിഷ്യനറിമാർ ചെയ്തതുപോലെ ദൗത്യത്തിന്റെ പുനർചിന്തനത്തിന് നാം തയ്യാറാണോ? നമ്മുടെ ദൗത്യം പാർശ്വങ്ങളിലാണോ, പ്രാന്തപ്രദേശങ്ങളിലാണോ?

പാർശ്വങ്ങൾ സ്വയം ഉണ്ടാകുന്നതല്ല അവ സൃഷ്ടിക്കപ്പെടുന്നതാണ്. പാർശ്വവൽക്കരണം ഒരു സ്വാഭാവിക പ്രക്രിയയുമല്ല; ബോധപൂർവ്വമായ ഒരു പദ്ധതിയുടെ ഭാഗമാണ്. വരേണ്യവർഗത്തിന്റെ അധികാരം ഉറപ്പിക്കാനുള്ള പദ്ധതിയുടെ ഭാഗമാണത്.

മിഷ്യനറിമാർ പ്രവർത്തിച്ചപ്പോൾ ഉണ്ടായിരുന്ന പാർശങ്ങളല്ല, ഇപ്പോൾ ഉള്ളതെന്നുപറയാം. പക്ഷെ അന്നത്തെ പാർശ്വങ്ങളിൽ ഒരു വലിയ വിഭാഗം ഇന്നും പാർശ്വങ്ങളിൽ തന്നെയാണ്.

ഇന്നത്തെ ഏറ്റവും ശ്കതമായ പാർശ്വവൽക്കരണ പദ്ധതി ആഗോളവൽക്കരണമാണ്. രണ്ടു ദശകങ്ങൾക്കപ്പുറത്ത് ഡോ. രജ്നി കൊത്താരി പറഞ്ഞു: “ആഗോളവൽക്കരണവും പാർശ്വവൽക്കരണവും ഒരേ നാണയത്തിൻരെ രണ്ടു വശങ്ങളാണ്.

പാർശ്വങ്ങളിലെ ദൗത്യത്തിനുപകരം സഭ പാർശ്വവൽക്കരണത്തിന് കൂട്ടുനിൽക്കുകയാണോ? മതേതര പൊതുവിദ്യാഭ്യാസത്തിന് ആരംഭംകുറിച്ചതും, വളർത്തിയെടുത്തതും മിഷ്യനറിമാരായിരുന്നു. ഇന്നു കേരളത്തിലെ പൊതുവിദ്യാഭ്യാസം പല കാരണങ്ങളാലും പ്രതിസന്ധിയിലാണ്.

പൊതുവിദ്യാഭ്യാസമെന്നത് പൊതുജനങ്ങൾക്കു നൽകുന്ന സേവനമല്ല. പൊതുവിദ്യാഭ്യാസം പൊതുജനത്തെ രൂപപ്പെടുത്തുന്നതാണ്.

വിദ്യാഭ്യാസ മേഖലയിൽ ഇന്ന് നമ്മുടെ പുതിയ മുതൽമുടക്കുകൾ, ആർക്കാണ് പ്രയോജനം ചെയ്യുന്നത്, സമ്പന്നവർഗത്തിനാണോ, അതോ പാർശ്വങ്ങളിലുള്ളവർക്കാണോ? വിദ്യാഭ്യാസ വാണിജ്യവൽക്കരണത്തിന്റെ പാതയിലേക്കു പോകാനുള്ള പ്രവണതകളും, സമ്മർദ്ദഘടകങ്ങളുമുണ്ടോ?

ഇന്ന് കേരളത്തിൽ സാമൂഹ്യനീതിക്കുവേണ്ടിയുള്ള സമരങ്ങളോടും പ്രസ്ഥാനങ്ങളോടും സഭയ്ക്കുള്ള മനോഭാവവും, സമീപനവുമെന്താണ്? പരിസ്ഥിതിയേപ്പറ്റിയുള്ള മദ്ധ്യകേരള മഹായിടവകയുടെ നിലപാടും പാർശ്വങ്ങളിലെ ദൗത്യത്തിന്റെ ഭാഗമെന്ന നിലയിൽ പ്രശംസനീയമാണ്.

മിഷ്യനറിമാർ ദിശകാട്ടിയ കേരളനവോത്ഥാനം ഇന്ന് തിരിച്ചടികൾ നേരിടുകയാണ്. ജാതീയതയും, സാമുദായികത്വവും, അന്ധവിശ്വാസങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സേവനമെന്നത് വ്യാപാരമാണെന്ന സങ്കല്പം ശക്തമാകുന്നു.

മിഷ്യനറി പ്രവർത്തനം സമകാലീന സഭയ്ക്കു നൽകുന്ന സന്ദേശം, ദൗത്യത്തിന്റെ പുനർചിന്തനം ആവശ്യപ്പെടുന്ന സാക്ഷ്യത്തിന് തയ്യാറാകുകയെന്നതാണ്. ■



# കുഞ്ഞുറോസ് വിശുദ്ധയാകുമ്പോൾ

■ ഡി. ബാബു പോൾ

**കു**റെ സംവത്സരങ്ങളായി ഒരു കന്യാസ്ത്രീ എന്നെ പിൻപറ്റുന്നുണ്ടായിരുന്നു. അൽഫോൺസാമ്മ അല്ല; ആ ചിത്രം എന്റെ തലയണയ്ക്കടുത്തുണ്ട്.മറിയം ത്രേസ്യായേ സെന്റ് ബ്രിജിത്തോ ആവുമെന്ന് കരുതിയത്. ഈയിടെയാണ് തിരിച്ചറിഞ്ഞത് എവുപ്രാസ്യമ്മായാണ് എനിക്ക് കാവാലായി കൂടെ നടന്നത്. വാഴ്ത്തപ്പെട്ട ഏവപ്രാസ്യമ്മ വിശുദ്ധരുടെ ഗണത്തിലേയ്ക്ക് ഉയർത്തപ്പെടുന്ന വേളയിൽ എല്ലാ വിശ്വാസികൾക്കും ആഹ്ലാദിക്കാൻ അവകാശം ഉണ്ട്. എനിക്ക് പ്രത്യേകിച്ചും.

ആദിമസഭ എല്ലാ അംഗങ്ങളെയും വേർതിരിക്കപ്പെട്ടവരായും വിശുദ്ധരായും ആണ് കരുതിവന്നത്. അന്നത്തെ സഭാംഗങ്ങൾ വിശ്വാസികളുടെ ഒന്നാം തലമുറ ആയിരുന്നുവല്ലോ. പിന്നെപ്പിന്നെ സഭ വളർന്നു. നാമധാരികൾ മാത്രം ആയ അംഗങ്ങൾക്കും സഭയിൽ ഇടം കിട്ടി. വിശ്വാസികൾ എല്ലാവരും വിശുദ്ധരും വേർതിരിക്കപ്പെട്ടവരും ആയിരിക്കുന്ന അവസ്ഥ ഇങ്ങിനിവരാതവണ്ണം അന്തർദ്ധാനം ചെയ്തു. പത്രോസിന് ഒരു അനന്യാസിനെയും ഒരു സഫീറയെയും പിടികിട്ടിയാൽ മതിയായിരുന്നു പിന്നെപ്പിന്നെ അവരായി ഭൂരിപക്ഷം. സന്യാസ പ്രസ്ഥാനം സഭയിൽ രൂപപ്പെട്ടത് ഈ പശ്ചാത്തലത്തിലാണ് എന്ന് വിചാരിക്കണം. സാധാരണജീവിതത്തിൽ ആത്മീയ സംതൃപ്തി അനുഭവപ്പെടാതിരുന്നവരുടെ ഈശ്വരോന്മുഖമായ അന്വേഷണം പല പൈവഴികളിലൂടെയാണ് പിന്നീട് വികസിച്ചത്. ഏകാകിളായി തപസ് ചെയ്തവരും സമൂഹമായി തപശ്ചര്യകൾ പാലിച്ചവരും എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി നാം അവരെ കാണുന്നു. ഭാരതീയ സന്യാസപാരമ്പര്യം ഏകാകിളുടെ മാതൃകയ്ക്ക് പ്രാധാന്യം നൽകി. സ്വാമി വിവേകാനന്ദൻ രാമകൃഷ്ണമിഷൻ രൂപപ്പെടത്തുവോളം ഇവിടെ വ്യവസ്ഥാപിതരൂപത്തിലുള്ള ഒരു സന്യാസസമൂഹം ഉണ്ടായിരുന്നില്ലല്ലോ. പശ്ചിമേഷ്യയിൽ പറഞ്ഞ ഇരുശൈലികളും സമാന്തരമായി വികസിച്ചു.

ഭാരതത്തിൽ വനാന്തരങ്ങളിലും ഗിരിസാനുക്കളിലും ആയിരുന്നു തപസികൾ അരങ്ങേറിയതെങ്കിൽ പശ്ചിമേഷ്യയിലും ഉത്തരാഫ്രിക്കയിലും മരുഭൂമികളായിരുന്നു രംഗം. ഇന്നും അവിടവിടെയായി ഇത്തരം സങ്കേതങ്ങൾ ഉണ്ട്. അമേരിക്കയിലെ നെവാജ-അരിസോണ തുടങ്ങിയ ഇടങ്ങളിലും അവ കാണാം. വില്യം ഡാൾറിമ്പിളിന്റെ 'ഫ്രം ദ് ഹോളി മൗണ്ടൻ' എന്ന കൃതി മധ്യശതകങ്ങളിലെ ദയറാ പ്രസ്ഥാനത്തിന്റെ പട്ടുനൂൽപ്പാതകകളിലൂടെയുള്ള ഒരു വർത്തമാനകാലയ യാത്രയുടെ കഥയാണല്ലോ പറയുന്നത്. മരുഭൂമിയിൽ ദൈവാന്വേഷകരായി കഴിഞ്ഞ ഏകാകികളും തൂണിന്റെ മുകളിൽ നിന്ന് തപസ് ചെയ്ത ശെമവൂൽ ദെസ്ത്തുമെമാരും - സൈമൺ ദി സ്റ്റൈലൈറ്റ് - ഇപ്പോഴത്തെ തുർക്കി ക്രൈസ്തവരാജ്യം ആയിരുന്ന കാലത്ത് ഒരേ സമയം ഒരു ലക്ഷം ബ്രഹ്മചാരികൾ ഒരു ചുറ്റുവട്ടത്ത് ഒരു ആശ്രമാധിപന് കീഴിൽ കഴിഞ്ഞിരുന്ന ദയറാകളിലെ അന്തേവാസികളും എല്ലാം ചേരുന്നതാണ് ക്രൈസ്തവസന്യാസ പാരമ്പര്യം.

ഭാരതീയ സഭയ്ക്ക് പാശ്ചാത്യസമ്പ്രദായത്തിലുള്ള ദയറാകൾ ഉണ്ടായിരുന്നില്ല. എന്നല്ല നമ്മുടെ ആധ്യാത്മികജീവിതത്തെയോ സഭാ ചരിത്രത്തെയോ അടയാളപ്പെടുത്തുന്നതായി ഏറെയൊന്നും കാണാനുമില്ല. വ്യക്തിഗതമായ ആധ്യാത്മികതയ്ക്ക് പ്രാധാന്യം നൽകുന്ന പ്രാദേശികപാരമ്പര്യം തന്നെ ഈ നാട്ടിലെ ക്രിസ്ത്യാനികളും തുടർന്നു എന്ന് കരുതണം. നമ്മുടെ സഭാചരിത്രഗ്രന്ഥങ്ങളാകെ പരതിയാൽ മാർത്തോമൻ കഥകൾക്ക് ശേഷം വാണിജ്യപരവും സാമൂഹികവും ആയി നമ്മുടെ പൂർവ്വികൾ ഉന്നതാവസ്ഥയിലായിരുന്നു എന്ന ചിത്രം കിട്ടും. ആയിരത്തഞ്ഞൂറിലേറെ സംവത്സരങ്ങൾ ഒരു പക്കമിയോസിനെയോ ഒരു അന്തോണിയോസിനെയോ സൃഷ്ടിച്ചതായി നാം കാണുന്നില്ല. ആൾക്കൂട്ടത്തിൽ തനിയെ കഴിഞ്ഞവരും ആൾക്കൂട്ടങ്ങളിൽ നിന്ന് അകന്നുകഴിഞ്ഞവരും ഒരേ രേഖയും അവശേഷിപ്പിച്ചില്ല എന്ന് പറയാമല്ലോ. അങ്ങനെയുള്ള ഭക്തശിരോമണികളും ആധ്യാത്മികതയുടെ ഉപാകസരും ഉണ്ടായിരുന്നില്ല എന്ന് അത് തെളിയിക്കുന്നില്ല എന്നതിനുള്ള ഏറ്റവും പ്രബലമായ തെളിവ് നമ്മുടെ വീടകങ്ങളിൽ നോമ്പും നമസ്ക്കാരവും സർക്കർമ്മാഭിവാഞ്ഛകളുമായി കഴിയുന്ന അനേകം സ്ത്രീരത്നങ്ങൾ ആധുനിക കാലത്തും ഉണ്ട് എന്നത് തന്നെ ആണ്.

പോർച്ചുഗീസ് മാതൃകയെ അവലംബിച്ച് ചാവറയച്ചൻ രൂപപ്പെടുത്തിയ സന്യാസ മാതൃകയാണ് പടർന്നുപന്തലിച്ച് സായിപ്പ് ഇങ്ങോട്ട് വന്നതിനെ അതിശയിക്കുന്ന മട്ടിൽ ഇന്ത്യയ്ക്ക് പുറത്തോട്ട് വളരുന്നതായി ഇന്ന് നാം കാണുന്ന അവസ്ഥ. അതിന്റെ ആദ്യകാലസൂചനകളാണ് എവുപ്രാസ്യമ്മയിലും മറിയം ത്രേസ്യയിലും ഒക്കെ തെളിയുന്നത്.

എവുപ്രാസ്യമ്മയെ അടയാളപ്പെടുത്തുന്നത് വ്യക്തിഗതമായ ആധ്യാത്മികതയെ സന്യാസസമൂഹത്തിന്റെ ആധ്യാത്മകിതയുമായി സമ്യക്കായി യോജിപ്പിക്കുന്ന ഒരു പാലം ആണ് എന്ന് പറയാം. ഒമ്പതാമത്തെ വയസ്സിൽ അതിരഹസ്യമായി കന്യാത്വസമർപ്പണം നടത്തിയ കുഞ്ഞുറോസ ശരീരത്തിന്റെ കന്യാത്വമല്ല സമർപ്പിച്ചത്. ശാരീരികമായി കന്യകയായിരിക്കുന്ന അവസ്ഥയും കന്യാത്വം നഷ്ടപ്പെട്ട അവസ്ഥയും തമ്മിൽ തിരിച്ചറിഞ്ഞിട്ടില്ല ആ പ്രായത്തിൽ

അവൾ കന്യാത്വ പ്രതിജ്ഞ ചെയ്തത്. "എനിക്ക് എന്റെ കർത്താവിനെ മാത്രം മതി" എന്ന ആധ്യാത്മികോന്മുഖതയാണ് പിന്നീട് കന്യാത്വപ്രതിജ്ഞയായി സമൂഹം തിരിച്ചറിഞ്ഞത്.

രഹസ്യപൂർണ്ണമായ ആധ്യാത്മികത ആയിരുന്നു എഴുപ്രാസ്യമ്മ തേടിയതും നേടയിതും. കൂനമ്മാവിലെ 'എദുക്കുന്താത്തി'ൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് പന്ത്രണ്ടാമത്തെ വയസ്സിൽ "മരണപ്രമാദ"ത്തിലായതും തിരുക്കുടുംബത്തിന്റെ അത്ഭുതദർശനം ഉണ്ടായതും. കൂനമ്മാവ് മഠത്തിലെ ശ്രേഷ്ടത്തിയമ്മ ആണെന്ന് പുതുതായി രൂപപ്പെട്ട തൃശ്ശൂർ മെത്രാസനത്തിന്റെ അധ്യക്ഷനായിരുന്ന മാർ യോഹന്നാൻ മെത്രാന് (ജോൺ മേനാച്ചേരി) അയച്ച കത്ത് തെളിയിക്കുന്നതും മറ്റൊന്നല്ല വായിക്കുക. "റോസ എന്ന 12 വയസ്സുള്ള പെൺപൈതൽ..... മരണപ്രമാദത്തിലായി. ഒടുക്കത്തെ ഒപ്രുശൂമയും കൊടുത്തു. ഇങ്ങനെ കിടക്കയിൽ ഇവളുടെ ഉള്ളിൽ വലിയ ഒരു അനുഗ്രഹം തോന്നുകയും, ഉണ്ണി ഈശോമശിഹായും ദൈവമാതാവും, യോസേപ്പിതാവും ഇപ്പോൾ വരും എന്നൊരു ഇമ്പമുള്ള സ്വരം കേൾക്കുകയും ചെയ്തു. ഇതോടെ അങ്ങോട്ടുമിങ്ങോട്ടും തിരിച്ച് നോക്കുകയും ചെയ്തിരുന്നു......... ഈ കാഴ്ച കണ്ടതിനോടെ...... ഒരു കാഴ്ച കാണുന്ന പ്രകാരം നോക്കിയിരുന്നതും, ശേഷമെല്ലാം മറന്നുകൊണ്ട് ഒരു വിഷയത്തിൻമേൽ ചിന്തയായി പരവശപ്പെടുന്ന ഭാവവും മുഖത്തൊരു വിശേഷ അഴകും, സ്നേഹഇളക്കവും അവിടെ നിന്നിരുന്നവർ സൂക്ഷ്മമായിട്ട് കാണുകയും ചെയ്തു. ...... ഈ കാഴ്ച ഏകദേശം മുക്കാൽ മണിക്കൂർ നേരം ഉണ്ടായിരുന്നു. ഈ കാഴ്ചയുടെ സമയം ഉണ്ടായിരുന്ന പരിമളം ഇന്നവിധം എന്ന് ഒപ്പിച്ചു പറയുവാൻ ഒന്നുമില്ല. മറയപ്പെട്ടതിന്റെ ശേഷം നാലഞ്ച് നാഴികയോളം ഈ മണം ഉണ്ടായിരുന്നു......... ഈ കാഴ്ചയുടെ ........... ആ ദിവസങ്ങളിൽത്തന്നെ എഴുതിവച്ചിട്ടുള്ള സംഗതികളാണ്

എവുപ്രാസ്യമ്മയെ അനാരോഗ്യം കാരണം മഠത്തിലെടുക്കാതെ വിടാൻ നിശ്ചയിച്ചിരുന്നതാണ്. "ടി സംഭവം കൊണ്ടും കുട്ടിയുടെ അടക്കവും ഭക്തിയും ക്രമവും മറ്റും കൊണ്ടുമാണ് പിന്നീട് കൈക്കൊള്ളുവാൻ സമ്മതിച്ചത്" എന്ന് മഠം ശ്രേഷ്ഠത്തി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. തനിക്കായി വേർതിരിക്കപ്പെട്ടവളെ തനിക്കായി ചേർത്തുകൊള്ളുവാൻ തമ്പുരാന് തിരുമനസ്സായതിനാലാണ് ഈ രോഗവും ദർശനത്തിനുള്ള സന്ദർഭവും ഒരുങ്ങിയത് എന്ന് ഞാൻ വിശ്വസിക്കുന്നു. ദൈവീകപദ്ധതിയിൽ യാദൃശ്ചികതകൾ ഇല്ലല്ലോ.

എവുപ്രാസ്യമ്മയെ ദൈവം പിൽക്കാലത്ത് ഉപയോഗപ്പെടുത്തിയ വഴികൾ ഇതിനകം വിശദമായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത് ആവർത്തിക്കുന്നില്ല. പുണ്യജീവിതത്തിൽ അതിവേഗം ബഹുദൂരം മുന്നോട്ട് പോയ ഈ കന്യകയെ പിൻതലമുറയുടെ മാർഗദർശിയായും സഹസന്ന്യാസിനികളുടെ നേതാവായും ദൈവം ഉപയോഗിച്ചു. പരിശീലനത്തിന്റെയും ഭരണത്തിന്റെയും തിരക്കുകൾക്കിടയിലും ആധ്യാത്മികവളർച്ചയ്ക്കായി നിന്ദയും പരിഹാസവും കഷ്ടപ്പാടുകളും കുരിശായി സ്വീകരിച്ച ഈ "കേരള കർമ്മല കുസുമം" ഉജ്ജ്വലമായ ഒരു ജീവിതമാതൃക നമുക്കായി അവശേഷിപ്പിച്ചുകൊണ്ട് 1952 ഓഗസ്റ്റിൽ കർതൃസന്നിധിയിലേക്ക് വാങ്ങിപ്പോയി.

എവുപ്രാസ്യമ്മ തന്റെ മേല്പട്ടക്കാരനായിരുന്ന മാർ യോഹന്നാന് അയച്ച കത്തുകൾ പുസ്തകരൂപത്തിൽ ലഭ്യമാണ്. (എവുപ്രാസ്യമ്മയുടെ ലിഖിതങ്ങൾ. ഒല്ലൂർ 2001 മൂന്നാം പതിപ്പ് 2009). എവുപ്രാസിയൻ സ്പിരിചാലിറ്റി എന്ന് വിളിക്കാവുന്ന ഒരു ആധ്യാത്മികയാത്രാവിവരണമായി ഞാൻ ഇത് കാണുന്നു. ഒമ്പതാമത്തെ വയസ്സിൽ രഹസ്യമായി കർത്താവിനുള്ള കാണിക്കയായി തന്റെ കന്യാത്വം സമർപ്പിച്ച പെൺകുട്ടി വിശുദ്ധപദവിയിലേക്ക് ഉയർന്ന വഴികളുടെ കഥയാണ് ഈ കത്തുകൾ കോരിയിടുന്നത്.

വിശുദ്ധി സ്വയം ആർജ്ജിക്കുക അസാധ്യമാണ്. അതിന് ദൈവകൃപ വേണം. എന്നാൽ ആ ദൈവകൃപ ലഭ്യമാക്കുന്നത് ഒരു വ്യക്തി വിശുദ്ധിക്കായി സ്വയം സമർപ്പിക്കുമ്പോഴാണ്. പ്രാർത്ഥന, തപശ്ചര്യകൾ, കൂദാശസ്വീകരണം എന്നിങ്ങനെയുള്ള കർമ്മത്രയം ആണ് വിശുദ്ധിയിൽ എത്താൻ സഹായിക്കുന്ന പടവുകൾ. അനുഷ്ഠാനങ്ങൾ വിശുദ്ധി നൽകുന്നില്ലെങ്കിലും വിശുദ്ധി സാക്ഷാത്ക്കരിക്കാൻ ഉതകുന്ന ഉപാധികളാണ് അവ. ഏകാഗ്രതയോടെ ഈ കർമ്മമാർഗ്ഗത്തിൽ ചരിക്കാനുള്ള വഴി എന്ന നിലയിലാണ് അമ്മ മഠത്തിൽ പ്രവേശനം തേടിയത് എന്ന് ഭാഗ്യസ്മരണാർഹനായ ചരിത്രപണ്ഡിതൻ മുണ്ടാടനച്ചൻ നിരീക്ഷിച്ചിട്ടുള്ളത് ഇവിടെ ഓർമ്മിക്കാവുന്നതാണ്. വിശുദ്ധിയിലേക്ക് നയിക്കാൻ ബ്രഹ്മചര്യമുണ്ട സർവ്വപ്രധാനമായ മാർഗ്ഗം എന്ന് വത്തിക്കാൻ സുന്നഹദോസ് പറഞ്ഞിട്ടുണ്ട് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടതിനോട് വിയോജിക്കുന്ന വ്യക്തിയാണ് ഞാൻ. എവുപ്രാസ്യമ്മായുടെ കന്യാത്വ സമർപ്പണം ഒരു വ്രത വാഗ്ദാനം ആയിരുന്നില്ല. ഉപരി സൂചിപ്പിച്ചത് പോലെ സ്വവ്യക്തിത്വത്തിന്റെ സമ്പൂർണ്ണസമർപ്പണം ആയിരുന്നു, ബ്രഹ്മചര്യം പാലിക്കുമെന്നുള്ള വ്രതവാഗ്ദാനമെന്നതിലുപരി ആ സ്വമേധാദാനത്തെ നിർവ്വഹിച്ചത്. വിവാഹം നിശ്ചയിക്കപ്പെട്ടിരുന്നിട്ടും താൻ പുരുഷനെ അറിയുകയില്ല എന്ന് പറഞ്ഞ (ലൂക്കോസ് 1:34) ദൈവമാതാവിന്റെ മാതൃകയാണ് എവുപ്രാസ്യമ്മയുടെ കന്യാവ്രതസമർപ്പണത്തിൽ പ്രതിഫലിച്ചത്. ബ്രഹ്മചര്യം ഒരു വ്രതമായി പ്രഖ്യാപിക്കുകയല്ല, കന്യാത്വത്തെ ഒരു കാണിക്കയായി സമർപ്പിക്കുകയാണ് ആ പെൺകുട്ടി ചെയ്തത്.

വിവാഹത്തിനൊരുങ്ങുന്നവർ വിശ്വാസപ്രമാണം കണക്കെ ഹൃദിസ്ഥമാക്കേണ്ടതാണ്. "അന്തസ്സിന്റെ കടത്തിന് തക്കവണ്ണം" ജീവിച്ച് നിത്യരക്ഷ പ്രാപിക്കുന്നതിന് ആഹ്വാനം ചെയ്യുന്ന ഈ 'അമ്മായി' പാശ്ചാത്യ സഭയിലെ ബ്രിജിത്തിനെയും പൗരസ്ത്യപാരമ്പര്യത്തിലെ മർത്ത് ശ്മൂനിയെയും കുറിച്ച് അറിഞ്ഞിട്ടാവണമെന്നില്ല അങ്ങനെ പറഞ്ഞത്. ഇക്കാലത്ത് ഈ ലിഖിതം ഉറക്കെ വായിച്ചാൽ ഫെമിനിസ്റ്റുകൾ പ്രതിഷേധിക്കാനിടവുണ്ടെന്നറിയാം. എങ്കിലും ധന്യമായ കുടുംബജീവിതം നിത്യരക്ഷയിലേക്കുള്ള വഴിയാകേണ്ടത് എങ്ങനെ എന്ന് ഇതിനെക്കാൾ ലളിതമായി പറഞ്ഞുകൊടുക്കാൻ ഒരു പി. എച്ച്.ഡി. ക്കാരി കന്യാസ്ത്രീയ്ക്കും കഴിയുമെന്ന് തോന്നുന്നില്ല. സഭയിലെ പ്രീമാരിറ്റൽ കൗൺസിലിങ്ങുകളിൽ ഇത് കട്ടായമായും പഠിപ്പിച്ചിരിക്കണം. അത്ര അമൂല്യമാണ് ഒമ്പതാംവയസ്സിൽ കന്യാത്വസമർപ്പണം നടത്തിയവളുടെ

*ശേഷം 16-ാം പേജിൽ*

# മിസ്രയിമിലെ നിക്ഷേപങ്ങളെക്കാൾ....

■ റവ. ഡോ. അലക്സാണ്ടർ ഏ. തോമ്മസ് - കാപ്പിൽ

"**മി**സ്രയിമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്ന് എണ്ണുകയും ചെയ്തു". (എബ്രാ. 11:26)

നൂറ്റാണ്ടുകൾ നീണ്ട അടിമത്തത്തിൽ നിന്ന് യിസ്രായേൽ സമൂഹത്തെ പുതിയ ലോകത്തിലേക്ക് കൈപിടിച്ചു നടത്തിയ യുഗപുരുഷനായ മോശ യുടെ ജീവിതത്തിലെ ഒരു സുപ്രധാന തീരുമാനമാണ് എബ്രായ ലേഖന കർത്താവ് പങ്കിടുന്നത്. ഇത് പഴയനിയമ രേഖയിൽ നിന്നുള്ള ഉദ്ധരണിയല്ല. മോശയുടെ ജീവിതത്തിനു നൽകുന്ന സുന്ദരമായ ഒരു വ്യാഖ്യാനമാണ്. ഐതീഹ്യ സമൃദ്ധികൊണ്ടും, ചരിത്ര പ്രാധാന്യംകൊണ്ടും സമ്പത്തു കൾകൊണ്ടും ജഗത് പ്രസിദ്ധമായ മിസ്രയിമിനോട് മോശ യാത്ര പറഞ്ഞത് എന്തുകൊണ്ടാണെന്ന് എബ്രായ ലേഖനം പറയുമ്പോൾ അത് വ്യത്യസ്തമായ ആത്മിക അനുഭവത്തിലേക്ക് വിരൽ ചൂണ്ടുന്നു.

### എന്താണ് മിസ്രയിമിലെ നിക്ഷേപം

ലോകചരിത്രത്തിലും, വേദപുസ്തകചരിത്രത്തിലും വളരെയധികം പരാമർശിക്കപ്പെട്ടിരിക്കുന്ന മിസ്രയിം (ഈജിപ്ത്) സമ്പത്തുക്കളുടെ കേദാരമാണ്. നൈൽ നദിയുടെ ദാനമായി ഈ രാജ്യം പുരാതനസംസ്കാരങ്ങളിൽ പ്രമുഖവും ലോകാത്ഭുതങ്ങളിൽ ഒന്നായ പിരമിഡുകളിൽ ശ്രദ്ധേയവുമാണ്. വിസ്മയം ഉളവാക്കുന്ന പിരമിഡുകളിൽ മമ്മികളോടൊപ്പം (Emblmed body) നിറച്ചിരിക്കുന്ന നിക്ഷേപങ്ങളുടെ വില നിർണ്ണയങ്ങൾക്ക് അതീതമാണെന്ന് ചരിത്രകാരന്മാർ പറയുന്നു. എബ്രായലേഖനകർത്താവിന്റെ പരാമർശങ്ങൾക്ക് വിഷയമായിരിക്കുന്നത് ഈ നിക്ഷേപങ്ങളാണെന്നു പഠിതാക്കുളുടെ അഭിപ്രായം അവഗണിക്കാനാവില്ല. ഇപ്രകാരം അമൂല്യസമ്പത്തുകളാൽ നിറയപ്പെട്ട മിസ്രയീമിനെ മോശ ഉപേക്ഷിച്ചതായി രേഖപ്പെടുത്തുമ്പോൾ സമ്പത്തുകളോടുള്ള നമ്മുടെ മനോഭാവം എപ്രകാരമായിരിക്കണമെന്ന് വ്യക്തമാക്കപ്പെടുന്നു.

### നിക്ഷേപങ്ങളും ആത്മികതയും

ശ്രീപത്മനാഭ സ്വാമിക്ഷേത്രത്തിലെ സമ്പത്തുകളെ സംബന്ധിച്ച് വിവാദങ്ങളും ചർച്ചകളും ഇന്ന് കേരളത്തിൽ സജീവമാണ്. ഈ കാര്യത്തിൽ വസ്തുനിഷ്ഠമായ അറിവുകളില്ലാത്തതിനാൽ തെറ്റുശരികളെ ഇവിടെ വിഷയമാക്കുവാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ഒരു മതത്തെയും സഭയെയും മാറ്റി നിർത്താതെ ആത്മികതയും അവയിലെ ഭൗതികനിക്ഷേപങ്ങളും തമ്മിലുള്ള ബന്ധം വിശദമായ ചിന്തകൾക്ക് വിഷയമാക്കുന്നത് ഉത്തമമായിരിക്കും. എല്ലാ മതങ്ങളും ഭൗതികാസക്തി പാടില്ല എന്നുപറയുന്നു. ദേവാലയകവാടത്തിൽ ഇരുന്ന ഭിക്ഷക്കാരനോട് പത്രോസ് പറയുന്നത് "വെള്ളിയും പൊന്നും എനിക്കില്ല യേശുവിന്റെ അധികാരം മാത്രമേയുള്ളൂ എന്നാണ്" (അപ്പോ. പ്ര. 3:6) വെള്ളിയും പൊന്നും സാധരണയായി ഭിക്ഷ നൽകാറില്ല. അതിനാൽ ഈ വാക്കുകളുടെ പൊരുൾ വിശാലമാണ്. വെള്ളിയും പൊന്നും നിക്ഷേപമായിരിക്കുന്ന ആത്മിക അധികാരമല്ല അതിനെക്കാൾ പ്രബലമായ അധികാരമാണെന്ന് അർത്ഥമാക്കുന്നു. ആത്മികതയുടെ അടിസ്ഥാനം എക്കാലുവും ഇതായിരിക്കണം. കാലപ്രവാഹത്തിൽ ഭൗതികാസ്തിക്ക് മതങ്ങൾ അടിമയാകുന്നു എന്നത് ചരിത്രസത്യമാണ്. അതേസമയം പണവും മറ്റ് സഹായങ്ങളും ആത്മികതയിൽ ആവശ്യമില്ല എന്ന നിഗമനം ശരിയല്ല. വിശ്വാസികൾ ആത്മാർത്ഥമായി നൽകുന്ന സംഭാവനകളും അവരുടെ നിസ്വാർത്ഥ സഹകരണവുമാണ് ആത്മിക പ്രസ്ഥാനങ്ങളെ വളർത്തുന്നതും നിലനിർത്തുന്നതും. ഫലകരമായ പ്രവർത്തനങ്ങൾക്ക് ഇത് അനിവാര്യമാണ്. മതങ്ങൾ സ്വരൂപിക്കുന്ന ഉല്പാദനക്ഷമമല്ലാത്ത (Unproductive) സമ്പത്തുക്കളാണ് ഇവിടെ പരാമർശിക്കുവാൻ താല്പര്യപ്പെടുന്നത്. മതങ്ങളുടെ ഭണ്ഡാരഗൃഹങ്ങളിൽ സൂക്ഷിച്ചിരിക്കുന്നതും ഇപ്പോഴും ലഭിക്കാവുന്ന സ്വർണ്ണം, വെള്ളി തുടങ്ങിയ സമ്പത്തുക്കൾ സമൂഹത്തിനും വിശ്വാസികൾക്കും എന്തു പ്രയോജനമുണ്ടാക്കുന്നു എന്ന് അന്വേഷിക്കേണ്ടതാണ്. ഇത്തരം സമ്പത്തുക്കളെ മൃതമായ, അല്ലെങ്കിൽ ഉറങ്ങുന്ന സമ്പത്തുക്കളെന്നാണ് (Dead or Sleeping Wealth) സാമ്പത്തിക വിദഗ്ധർ വിശേഷിപ്പിക്കുന്നത്. നൂറ്റാണ്ടുകൾ പിന്നിട്ടാലും അവ നിഷ്ക്രിയസമ്പത്തായി പരിരക്ഷിക്കപ്പെടുന്നത് ശോചനീയമാണ്. അതോടൊപ്പം അപഹരിക്കുന്നതിനും സ്വന്തമാക്കാൻ ഏത് കുത്സിത മാർഗ്ഗം സ്വീകരിക്കാനും പ്രേരിപ്പിക്കുന്നു. ഇന്നു കേൾക്കുന്ന വാർത്തകളുടെ പശ്ചാത്തലം ഇതല്ലേ? ഉല്പാദനക്ഷമമല്ലാത്ത ഇത്തരം കാണിക്കകളിൽ ദൈവം പ്രസാദിക്കുമോ? യഥാർത്ഥ ഈശ്വരവിശ്വാസത്തിന് ഇത് അനുയോജ്യമാണോ? ലാളിത്യവും, വർജ്ജനങ്ങളും മുഖമുദ്രയാക്കിയ മതങ്ങൾക്ക് ഇത് എപ്രകാരം ഉൾക്കൊള്ളാൻ സാധിക്കും? പ്രൊഫ. ബി. ഹൃദയകുമാരിയുടെ വാക്കുകൾ ശ്രദ്ധിക്കേപ്പെടേണ്ടതാണ്. ''ലൗകിക ജീവിതം ത്യജിച്ച് കാട്ടിനുള്ളിൽ വാഴുന്ന അയ്യപ്പ സ്വാമിക്ക് പതിനെട്ടു പടികളിലും സ്വർണ്ണം പൂശണമെന്ന് തോന്നാൻ എന്തായിരിക്കും കാരണം? ദേവീദേവന്മാരെപ്പറ്റിയുള്ള എല്ലാ സങ്കല്പങ്ങളിലും അവർ സത്യസ്വരൂപികളാണ് അവരെ മാനവീകരിച്ച് ക്ഷേത്രത്തിൽ കുടിയിരുത്തി മനുഷ്യന്റെ ഭക്തിയുടെയും സ്നേഹത്തിന്റെയും വിവിധ ഭാവങ്ങളിൽക്കൂടി അവരെ ആരാധിക്കുമ്പോൾ കുടിലബുദ്ധികൾ അവരെ സ്വന്തം തൃഷ്ണയ്ക്കും, കാപട്യത്തിനും മറപിടിക്കാൻ വേണ്ട ഉപകരണങ്ങളാക്കി മാറ്റുന്നത് ഒരേ സമയം ദൈവനിന്ദയും, മനുഷ്യദ്രോഹവുമല്ലേ? ഒരു ക്ഷേത്രം ഒരു സമൂഹത്തെ താങ്ങി നിർത്തുന്ന കേന്ദ്രമാണ്. അതിന്റെ നടത്തിപ്പിൽ സമൂഹ

ത്തോടുള്ള പ്രതിബദ്ധത വ്യക്തമായിരിക്കണം. ആർഭാടങ്ങൾക്കുള്ള പ്രാധാന്യം കുറച്ച് പണം പാഴാകാതെ സമൂഹനന്മയ്ക്കുവേണ്ടി ഉപയോഗിക്കുന്ന ശീലം ഒരത്യാവശ്യമായി ക്ഷേത്രങ്ങൾ തിരിച്ചറിഞ്ഞിട്ടില്ല (ഹൃദയപൂർവ്വം, പേജ്. 48-49) പള്ളിമുറ്റത്തുള്ള കുരിശിന്റെ കൊടിമരം സ്വർണ്ണം പൂശാൻ തീരുമാനിക്കുമ്പോഴും, 'ആത്മികത' ആർഭാടമായി പരിണമിക്കുമ്പോഴും ഹൃദയകുമാരിയുടെ വാക്കുകളിലെ പ്രവാചകശബ്ദം നാം തിരിച്ചറിയണം. പ്രയോജനരഹിതമായ സമ്പത്തുക്കൾ (Sleeping wealth) എല്ലാമതങ്ങളിലും സംരക്ഷിക്കപ്പെടുന്നു എന്നത് നിഷേധിക്കാനാവാത്ത വസ്തുതയാണ്. ഭാരിച്ച ഇത്തരം സമ്പാദ്യങ്ങൾ നിഷ്ക്രിയമായി സൂക്ഷിക്കുന്നതുകൊണ്ട് എന്താണ് പ്രയോജനം? അവ സമൂഹനന്മയ്ക്കായി ഉപയോഗിക്കുകയാണെങ്കിൽ എത്ര അനുഗൃഹീതമാകും. ആത്മീയ മേഖലയിലെ ജീർണ്ണതകൾക്ക് എതിരായി ശബ്ദമുയർത്തിയ വി.ട്ടി. ഭട്ടതിരിപ്പാട് ഇതു സംബന്ധമായി പറഞ്ഞത് എക്കാലവും പ്രസക്തമാണ്. "അമ്പലങ്ങൾ വിശുദ്ധിയുടെയും, സമത്വത്തിന്റെയും അശരണരുടെയും, സാന്നിധ്യമായിരിക്കണം. അമ്പലത്തിൽ വെക്കുന്ന നിവേദ്യങ്ങൾ പട്ടിണിപ്പാവങ്ങൾക്കു കൊടുക്കാനുള്ളതാണ്. പട്ടങ്ങൾ നഗ്നതമറയ്ക്കുവാൻ തുണിയില്ലാത്തവർക്കു കൊടുക്കേണ്ടതാണ്. വിശക്കുന്നവരും നഗ്നതമറയ്ക്കുവാൻ തുണിയില്ലാത്തവരും കൈനീട്ടി നിൽക്കുമ്പോൾ അവർ അനുഭവിക്കേണ്ടതെല്ലാം സവർണ്ണരും അവരുടെ ശിങ്കിടികളും അനുഭവിക്കുന്നു".

(ആർക്കുവേണ്ടിയാണ് അമ്പലം, കേരളശബ്ദം 1981 മെയ്) യേശുക്രിസ്തുവിന്റെ ദേവാലയശുദ്ധീകരണവും ഇതേ സന്ദേശമാണ് അർത്ഥമാക്കിയത്. ഗാന്ധിജി പറയുന്നത് ഇപ്രകാരമാണ്. "ഈ രാജ്യത്ത് അർധപട്ടിണിക്കാരായ അനേകലക്ഷം ജനങ്ങൾ വിശപ്പടക്കാൻ കഴിയാതെ അലയുമ്പോൾ ആഭരണങ്ങൾ കുറ്റകരമാണ്. ഇവയെല്ലാം എനിക്കു തരിക. ഈ രാജ്യത്തെ പട്ടിണി ഒഴിവാക്കാൻ ഞാൻ അത് ഉപയോഗിക്കാം". ഇതേ സ്വരം തന്നെ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്ത തിരുമേനിയുടെ വാക്കുകളിലും പ്രതിധ്വനിക്കുന്നു. "ഈശ്വരന്റെ സ്വത്ത് ജനങ്ങൾക്കുള്ളതാണ്. ആ സ്വത്ത് പാവങ്ങളുടെ നന്മയ്ക്ക് ഉപയോഗിക്കണം. പുരാവസ്തു പ്രാധാന്യമുള്ളത് നിധിയായി സൂക്ഷിച്ച് ബാക്കിയുള്ളത് ജനങ്ങളുടെ നന്മയ്ക്കായി ഉപയോഗിക്കണം" (ന്യൂ വിഷൻ 2011 ഒക്ടോബർ, പേജ് 5) പുറപ്പാടു ചരിത്രത്തിൽ ഒരു സംഭവം കാണുന്നു. ജനങ്ങളുടെ ലോലവികാരങ്ങളെ ചൂഷണം ചെയ്യുന്ന അഹരോൻ അവരിൽ നിന്ന് സ്വർണ്ണം സമാഹരിച്ച് കാളക്കുട്ടിയെ ഉണ്ടാക്കി ആരാധന നടത്തുന്നു. യിസ്രായേൽ മക്കൾ കടം വാങ്ങിയ സ്വർണ്ണമാണ് ആത്മികതയുടെ മുഖംമൂടി അണിഞ്ഞത് വഞ്ചനയുടെ ഈ സമ്പത്ത് അവരെ ആത്മിക ജീർണ്ണതയിലേക്കാണ് നയിച്ചത്. ഇതിൽ മോശ പ്രകടമാക്കുന്ന ആത്മരോഷം ദൈവം നൽകിയ കല്പനകളെ എറിഞ്ഞുടയ്ക്കുന്ന അവസ്ഥയിൽ എത്തിച്ചു. സ്വർണ്ണത്തിൽ കേന്ദ്രീകൃതമായ അഹരോന്റെ ആരാധന പരാജയപ്പെടുകയും സർവ്വസംഗപരിത്യാഗിയായ മോശയുടെ ആത്മികചിന്തകൾ നിലനിൽക്കുകയും ചെയ്തതായി തുടർചരിത്രത്തിൽ കാണുന്നു. വർത്തമാനകാല ആധ്യാത്മികത എപ്രകാരമാണ്? "മുന്നിൽ പൊൻകുരിശും പിന്നാലെ 100 വെള്ളിക്കുരിശുകളും ഏന്തിയുള്ള ആത്മികഘോഷയാത്ര". (പെരുന്നാൾ പരസ്യം) ക്രമീരിക്കുമ്പോൾ ആത്മാർത്ഥതയോടെ കുരിശിന്റെ യാഥാർത്ഥ്യത്തെ നാം അന്വേഷിക്കേണ്ടതാണ്. യേശു ക്രൂശിക്കപ്പെട്ടത് ആലക്ത ദീപങ്ങളാൽ അലംകൃതമായ അൾത്താരയിലെ മെഴുകുതിരിക്കാലുകളുടെ മധ്യത്തിലുള്ള ക്രൂശിലല്ല. അവിടെയുള്ള സ്വർണ്ണ, വെള്ളി കുരിശുകളിലുമല്ല. പാളയത്തിനുപുറത്ത് അശുദ്ധഭൂമിയിലായിരുന്നു (എബ്രാ. 13:12) ഈ ക്രൂശാണ് ക്രൈസ്തവസഭയുടെ ചിഹ്നം. വി.പത്രോസ് പറയുന്നത് "നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത്, പൊന്ന്, വെള്ളി, മുതലായ അലിഞ്ഞുപോകുന്ന വസ്തുക്കളെ കൊണ്ടല്ല". (1പത്രോ. 1:18) ഈ വാക്കുകളുടെ ആഴം വളരെയാണ്. പ്രയോജനരഹിതമായ ഇത്തരം വസ്തുക്കളിലല്ല വിശ്വാസസമൂഹത്തിന്റെ സമ്പത്ത് കേന്ദ്രീകരിക്കപ്പെടേണ്ടത്. ആദിമസഭയ്ക്ക് ഈ ബോധ്യം ഉണ്ടായിരുന്നു. ഉല്പാദനക്ഷമമല്ലാത്ത സമ്പാദ്യങ്ങളിലേക്ക് സഭ തിരിഞ്ഞത് കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ കാലഘട്ടം മുതലാണ്. പീഡനസഭ രാജകീയ സഭയായപ്പോൾ സംഭവിച്ച ധർമ്മച്യുതി. അപ്പോസ്തോലനായ വി. പൗലോസ് തന്നോടുകൂടെ സഭയുടെ കെട്ടുപണിയിൽ സന്തത സഹചാരിയായിരുന്ന "ദേമാസിനെ അനുസ്മരിക്കുന്നത് ദേമാസ് ഈ ലോകത്തെ സ്നേഹിച്ചിട്ട് എന്നെ വിട്ടുപോയി" (2തിമോ. 4:10) എന്നാണ്. ഇത് സഭയ്ക്കു നൽകുന്ന ഒരു മുന്നറിയിപ്പാണ്.

### സമ്പത്തുകളോടുള്ള മനോഭാവം എന്തായിരിക്കണം

ഭൂമിയും അതിന്റെ അനന്തമായ സാധ്യതകളും മനുഷ്യനു നൽകിയിരിക്കുമ്പോൾ അവിടെ വിശ്വസ്തരായ കാര്യവിചാരകരായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നൽകപ്പെട്ട താലന്തുകളെ വർദ്ധിപ്പിച്ച ദാസരെ പ്രശംസിച്ച് കൂടുതൽ ഉത്തരവാദിത്വ

*ഡോ.ബാബു പോൾ ഇടുക്കി കലക്ടറായിരിക്കുന്ന കാലത്ത് തന്റെ ഡയറി യാദൃച്ഛികമായ ഭാര്യ കാണാനിടയായി. ഓരോ ദിവസവും ഏതാനും പെണ്ണുങ്ങളുടെ പേര് ഡയറിയിൽ കണ്ടു. ഒരു ദിവസം തന്നെ*

*6 p.m. തങ്കമണി, 8 p.m. രാജകുമാരി, 10 p.m. കാമാക്ഷി എന്നിങ്ങനെ. അടുത്ത ദിവസം ഭാര്യ ബാബു പോളിനെ പിടികൂടി. -നിങ്ങളെന്തിനാ അനവധി പെണ്ണുങ്ങളുടെ അടുത്ത് പോകുന്നത്-. ബാബു പോളിന് കാര്യം പിടികിട്ടിയില്ല. പിന്നീടാണ് മനസ്സിലായത്, ഇടുക്കിയിലെ സ്ഥലപേരുകൾ കണ്ട് തെറ്റിദ്ധരിച്ചാണ് ഭാര്യ ഇടയുന്നതെന്ന്. ടൂർ പ്രോഗ്രാമിൽ വിവിധ സ്ഥലങ്ങളുടെ പേരുകളാണ് കുറിച്ചിട്ടിരുന്നത്.*

ങ്ങൾ യജമാനൻ ഏല്പിക്കുമ്പോൾ ഉല്പാദനക്ഷമമല്ലാത്ത (unproductive) സമ്പാദ്യങ്ങളെ നിരുത്സാഹപ്പെടുത്തി പ്രവർത്തനക്ഷമമായ (productive) സമ്പത്തുകളെ പ്രോത്സാഹിപ്പിക്കുന്നതായി മനസ്സിലാക്കാം. ഈ മാനദണ്ഡമാണ് ആദ്ധ്യാത്മികതയിൽ ആവശ്യമായിരിക്കുന്നത്. മതപ്രസ്ഥാനങ്ങളിലെ സമ്പാദ്യങ്ങൾ പ്രയോജനപ്രദമായി വിനിമയം ചെയ്യപ്പെടുമ്പോൾ അത് അനുഗ്രഹമായി തീരും. റോക്ക് ഫെല്ലർ ഫൗണ്ടേഷൻ, നൊബേൽ, മാഗ്സസെ, പ്രയോജനപ്രദമായ നിരവധി എൻഡോവുമെന്റുകൾ, ട്രസ്റ്റുകൾ തുടങ്ങിയുള്ള സജീവമായ സമ്പത്തുക്കൾ ജീവന്റെ ഉറവുകളായി നിലനിൽക്കുന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ് മാർത്തോമ്മാ സഭ അടുത്ത സമയത്ത് രൂപം കൊടുത്ത "സ്നേഹകരം" ഇത്തരം നന്മകളുടെ എടുത്തുപറയത്തക്ക ഉദാഹരണമാണ്. ആധ്യാത്മകി പ്രസ്ഥാനങ്ങളിലെ നിശ്ചല സമ്പത്തുകളായ (Sleeping wealth) സ്വർണ്ണം, വെള്ളി, മറ്റ് അമൂല്യ വസ്തുക്കൾ എന്നിവയെ ക്രിയാത്മക സമ്പത്തുകളായി രൂപപ്പെടുത്തണം. "പുഴുവും, തുരുമ്പും കെടുക്കയും, കള്ളന്മാർ തുരന്നു മോഷ്ടിക്കുകയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്". (മത്താ. 6:19) എന്നു കർത്താവ് പറഞ്ഞത് പ്രയോജനരഹിതമായ സമ്പത്തുകളെക്കുറിച്ചാണ്. അത് വിവാദങ്ങൾക്കും അപഹരണങ്ങൾക്കും കാരണമാകും എന്ന സൂചനയും നൽകുന്നു. (മത്താ. 6:20) ഈ സത്യം അറിഞ്ഞിട്ടും നാം നിസ്സംഗരായാൽ എന്തു സംഭവിക്കുമെന്ന് ശ്രീ ബാബു പോളിന്റെ ഭാഷയിൽ കേൾക്കുന്നത് രസാഹവും ചിന്താർഹവുമാണ്. ഈ വാക്കുകൾ നമ്മെ ഉണർത്തട്ടെ "നാണയ മാറ്റവും പ്രാവ് കച്ചവടവും യെരുശലേമിൽ അനിവാര്യമായിരുന്നു. ലോകമെമ്പാടും നിന്നു വരുന്ന തീർത്ഥാടകർക്ക് കറൻസി എക്സ്ചേഞ്ച് വേണമല്ലോ. എന്നാൽ അനുപേക്ഷണീയമായ ആകർമ്മങ്ങൾ പൗരോഹിത്യ ശ്രേണിവരുമാന മാർഗ്ഗമാക്കിയപ്പോൾ ക്രിസ്തു ചാട്ടവാർ എടുത്തു. അച്ചുതാനന്ദനെക്കൊണ്ടും സുദർശനെക്കൊണ്ടും ചാട്ടവാർ എടുപ്പിക്കുന്നതിനെക്കാൾ ഭേദം ക്രിസ്തു ചാട്ടവാർ എടുക്കാൻ നിർബ്ബന്ധിതനാവുന്ന അവസ്ഥ ഒഴിവാക്കുകയല്ലേ?

(പള്ളിക്കെന്തിനു പള്ളിക്കുടം: പേജ് 93)

*<u>13-ാം പേജിന്റെ തുടർച്ച</u>*

ദാമ്പത്യ സംബന്ധിയായ ഉപദേശങ്ങൾ.

അറിയപ്പെടാത്ത വിശുദ്ധയായി ജീവിക്കാൻ മോഹിച്ചവൾ (1905 ജൂലൈ 14 ന് മെത്രാനച്ചന് എഴുതിയ കത്ത്) ലോകമെമ്പാടും വിശുദ്ധയായി വാഴ്ത്തപ്പെടുകയാണ് ഇനി മേൽ ജീവിച്ചിരിക്കുമ്പോൾ കന്യാമറിയത്തിന്റെ സാന്നിധ്യത്തിൽ ലെലിയ നമസ്ക്കാരം നിർവ്വഹിക്കാൻ ഭാഗ്യം സിദ്ധിച്ചവൾക്ക് ക്രിസ്തുവുമായി തന്റെ ധ്യാനവേളകളിൽ മുഖാമുഖം കാണാനുള്ള ഭാഗ്യവും നൽകപ്പെട്ടു. ദുരാത്മാക്കൾ പീഡിപ്പിക്കുകയും പിൻതിരിപ്പിക്കുകയും ചെയ്തിട്ടും ഈ പ്രാർത്ഥനാജീവിതം പിടിച്ചു നിന്നത് മാതാവിന്റെ പിൻബലം കൊണ്ടാണ് എന്നു നാം വായിക്കുന്നു. ക്രിസ്തുവിനോടും മറിയത്തോടും ഉള്ള സവിശേഷബന്ധം സുകൃതാനുഷ്ഠാനങ്ങളിലൂടെ ആ ജീവനാന്തം നിലനിർത്താനുള്ള ദൈവകൃപ ലഭിച്ചതാണ് എവുപ്രാസ്യമ്മയുടെ വിശുദ്ധിയുടെ രഹസ്യം. സമ്പൂർണ്ണ സമർപ്പണമാണ് പ്രത്യേകമായ ജീവിതാന്തസ്സല്ല അവളുടെ സന്ദേശം കന്യകയായാലും കുടുംബിനിയായാലും ക്രിസ്തുനാഥന് വേണ്ടി സമ്പൂർണ്ണമായി സമർപ്പിക്കുവാനാണ് എവുപ്രാസ്യമ്മ ആഹ്വാനം ചെയ്യുന്നത്. ■

## മാസികയുടെ നയം

വ്യത്യസ്ത വീക്ഷണങ്ങൾ അവതരിപ്പിക്കുകയെന്നത് മാസികയുടെ പോളിസിയാണ്. ചിലത് പ്രകോപിപ്പിച്ചേക്കാം. സാധാരണ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളിൽ വരാത്ത ശൈലിയാണ് നമ്മൾ പിൻതുടരുന്നത്. വായനക്കാർക്ക് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാം. അത് ഞങ്ങളെ എഴുതി അറിയിക്കുക. എല്ലാ കത്തുകളും ഞങ്ങൾ പ്രസിദ്ധീകരിക്കും. പ്രിന്റഡ് അര പേജിൽ കൂടരുത്. ഒന്നിൽ കൂടുതൽ പേജുകൾ വരുന്ന പ്രതികരണങ്ങൾ മാറ്റിവെയ്ക്കേണ്ടി വരുന്നതിനാലാണ് ഇത് കുറിക്കുന്നത്. ആരോഗ്യകരമായ ചർച്ചകൾക്ക് വേദിയൊരുക്കുകയെന്നതും ഞങ്ങളുടെ ലക്ഷ്യമാണ്. <u>മാസികയിൽ പ്രസിദ്ധീകരിക്കുന്ന മാറ്ററുകളുടെ ഉത്തരവാദിത്തം അതെഴുതിയവർക്ക് മാത്രമാണ്.</u> പുതിയതായി ഓരോ മാസവും വരിക്കാരാകുന്നവർക്ക് ഈ നയം അറിയുവാൻ പാടില്ലാത്തതിനാലാണ് ഈ വിവരം തുടർച്ചയായി പ്രസിദ്ധീകരിക്കുന്നത്.

-മാനേജിംഗ് എഡിറ്റർ

**മാസിക ക്രമമായി ലഭിക്കുന്നില്ല**

മാസിക ക്രമമായി ലഭിക്കുവാൻ വരിസംഖ്യ കൃത്യമായി അയച്ചു തരുമല്ലൊ. റാപ്പറിൽ നിങ്ങളുടെ മാസിക നമ്പർ/ നിങ്ങൾ ഏറ്റവും അവസാനം തന്ന തുക/ വരിസംഖ്യ തീരുന്ന മാസവും വർഷവും രേഖപ്പെടുത്തിയിട്ടുണ്ട്. വരിസംഖ്യ പുതുക്കുമ്പോൾ നിങ്ങളുടെ മാസിക നമ്പർ കൂടി അറിയിക്കണം. സാമ്പത്തിക ബുദ്ധിമുട്ട് കാരണം വരിസംഖ്യ കൃത്യമായ പുതുക്കാത്തവർക്ക് മാസിക അയച്ചു കൊടുക്കേണ്ടായെന്നാണ് പത്രാധിപ സമിതിയുടെ തീരുമാനം. മാസിക കിട്ടുന്നില്ലായെന്ന് അനവധി പരാതികൾ ലഭിക്കുന്നുണ്ട്. എല്ലാ മാസവും 28ന് കോട്ടയത്തു നിന്ന് എല്ലാ വരിക്കാർക്കും മാസിക അയക്കുന്നുണ്ട്. ഇനിയും ഏതെങ്കിലും മാസം 15 വരെ കിട്ടിയില്ലായെങ്കിൽ nw (Wrapper no) ടൈപ്പ് ചെയ്ത് 9847275754 ലേക്ക് SMS ചെയ്യുക. ഉദാ: Q11/300/5/2015 എന്ന് റാപ്പറിൽ കണ്ടാൽ nw Q11 9847275754 ലേക്ക് SMS ചെയ്യുക. മാസിക ഉടനെ വീണ്ടും പോസ്റ്റ് ചെയ്യുന്നതായിരിക്കും.

ഡോ.മാത്യു കോശി പുന്നയക്കാട്
(9847275754)-മാനേജിംഗ് എഡിറ്റർ



# അപ്പനും അമ്മയും മക്കളും

■ ജോർജ് ബഹനാൻ *(Counsellor and Therapist)*

ഇതാ പരിചിതമായ ഒരു കഥ, ഗ്രീസിൽ നിന്ന്. ഇഡിപ്പസ് തീബ്സിലെ രാജാവായ ലെയ്സിന്റെ മകനാണ്. അമ്മയുടെ പേര് ജോക്കാസ്റ്റ. തനിക്ക് കുട്ടികളൊന്നും ഇല്ലാത്തത് എന്താണെന്ന് രാജാവ് ഡെൻഫിയിലെ വെളിച്ചപാടിനോട് ചോദിച്ചു. "ഒരു മകനുണ്ടാവുകയാണെങ്കിൽ ആ മകൻ രാജാവിനെ കൊല്ലും" എന്ന് വെളിച്ചപ്പാട് പറഞ്ഞു. ഇതുകേട്ട രാജാവ് പേടിച്ചു സ്വന്തം ഭാര്യയായ ജോക്കസ്റ്റായെ ദൂരെ ഒരു സ്ഥലത്ത് മാറ്റി പാർപ്പിച്ചു. പക്ഷെ അവിടെ ജൊക്കസ്റ്റാ ഒരു മകനെ പ്രസവിച്ചു. ഇത് കേട്ട് രാജാവ് ജനിച്ച മകന്റെ കാൽ ആണികൊണ്ട് തുളച്ച് ചിതറോന്റെ പർവ്വതത്തിൽ ഉപേക്ഷിച്ചു. ഒരാട്ടിടയൻ ഈ കുട്ടിയെ കണ്ടെടുത്ത് അവന് ഇഡിപ്പസ്സ് എന്ന പേരിട്ടു. ഇഡിപ്പസ്സിനെ ആ രാജ്യത്തെ പോളിബസ് എന്ന രാജാവിന് സമ്മാനമായി നൽകി. ഇഡിപ്പസ്സ് ആ കൊട്ടാരത്തിൽ വളർന്നു. പോളിബസ്സ് സ്വന്തം അച്ഛനാണെന്ന് കരുതി. പക്ഷെ തന്റെ മാതാപിതാക്കളുടെ മുഖച്ഛായ തനിക്കില്ലെന്ന മനസ്സിലാക്കിയ ഇഡിപ്പസ്സ് വളരെ ദുഃഖിതനായി ഡെൽഫിയിലെ വെളിച്ചപ്പാടിനെപോയികണ്ടു തന്റെ ദുഃഖം അറിയിച്ചു. പക്ഷെ വെളിച്ചപ്പാടിന് ദേഷ്യംവന്നു. വൃത്തികെട്ടവൻ! മാറിനിൽക്ക് മുൻപിൽ നിന്നും. വെളിച്ചപ്പാട് അലറി എന്നിട്ടു പറഞ്ഞു. "നീ നിന്റെ അച്ഛനെ കൊന്ന് അമ്മയെ വിവാഹം കഴിക്കും'' ഇതുകേട്ട് ഇഡിപ്പസ്സ് ഞെട്ടി അയാൾ തന്റെ അച്ഛനായ പോളിബസ്സിന്റെ അടുത്തേക്ക് പോയി.

ആ ദിവസം തന്റെ യഥാർത്ഥ പിതാവായ ലെയിസിനെ ഇഡിപ്പസ്സ് കാണാനിടയായി വഴിയിൽ നിന്ന് മാറിനിൽക്കാൻ രാജാവായ ലെയ്സ് ഇഡിപ്പസ്സിനോട് ആജ്ഞാപിച്ചു. വാക്കുതർക്കം മൂത്ത് ഇഡിപ്പസ് സ്വന്തം അച്ഛനായ ലെയ്സിനെ കൊന്നു.

ആ സമയത്ത് തീബ്സിൽ ഒരു വികൃത ജീവി പ്രത്യക്ഷപ്പെട്ടു. അതിന് സ്ത്രീയുടെ തലയും സിംഹത്തിന്റെ ശരീരവും, സർപ്പത്തിന്റെ വാലും ഉണ്ടായിരുന്നു. ഈ വേതാളം എല്ലാവരെയും ചോദ്യങ്ങൾ ചോദിച്ച് ശല്യപ്പെടുത്തും. ഉത്തരം പറഞ്ഞില്ലെങ്കിൽ അവരെ കൊന്നുകളയും. എല്ലാവരോടും ഒരേ ചോദ്യം മാത്രം. "ചോദ്യമിതാണ്" "രാവിലെ നാലു കാലിൽ ഉച്ചയ്ക്ക് രണ്ടുകാലിൽ, വൈകിട്ട് മൂന്നുകാലിൽ സഞ്ചരിക്കുന്ന മൃഗം ഏതാണ്"? ഇഡിപ്പസ് ചോദ്യത്തിൽ ആലോചിച്ച് ഉത്തരം പറഞ്ഞു. "മനുഷ്യൻ". ജനിച്ച് കഴിഞ്ഞ് ഇഴഞ്ഞുനടക്കുന്ന ശിശു മുട്ടിൽ ഇഴയും, രണ്ടും കൈയ്യും ഉപയോഗിക്കുന്നു. അപ്പോൾ നാലുകാലും അത് കഴിഞ്ഞ് യുവാവാകുന്ന മനുഷ്യൻ രണ്ടു കാലിൽ നടക്കും. പക്ഷെ ജീവിത സായാഹ്നത്തിൽ നിന്നും വടികൂടി ഉപയോഗിക്കുമ്പോൾ കാല് മൂന്നായി. ഇഡിപ്പസ്സ് ഉത്തരം പറഞ്ഞപ്പോൾ വേതാളം മലയിൽ നിന്നും ചാടി ആത്മഹത്യ ചെയ്തു. അങ്ങനെ രാജ്യത്തെ രക്ഷിച്ച ഇഡിപ്പസ്സിനെ താമ്പ്സിലെ ജനങ്ങൾ രാജാവാക്കി. ഇഡിപ്പസ്സ് റാണിയായ ജോക്കാസ്റ്റയെ സ്വന്തം അമ്മയെന്ന് മനസ്സിലാക്കാതെ വിവാഹം ചെയ്തു. അങ്ങനെ ഡെൻഫിയിലെ വെളിച്ചപ്പാട് പറഞ്ഞത് യാഥാർത്ഥ്യമായി.

ഇഡിപ്പസ്സ് എന്ന പേര് ലോകപ്രസിദ്ധമാക്കിയത് ആധുനിക മനഃശാസ്ത്രത്തിന്റെ പിതാവായ ഫ്രോയിഡാണ്. ആൺമക്കൾക്ക് സ്വന്തം അമ്മയോട് തോന്നുന്ന അമിതമായ സ്നേഹത്തിൽ ഫ്രോയിഡ് ലൈംഗികത കലർത്തി അതിനെ ഇഡിപ്പസ് കോംപ്ലക്സ് എന്ന് വിളിച്ചു. ഫ്രോയിഡിന്റെ മനഃശാസ്ത്രനിഗമനങ്ങളെയും ആശയങ്ങളെയും പിന്നീട് വന്ന മനഃശാസ്ത്രജ്ഞന്മാർ ഖണ്ഡിക്കയും, അംഗീകരിക്കയും ചെയ്തിട്ടുണ്ട്. ഫ്രോയിഡിന്റെ നിഗമനങ്ങൾ ശരിയായാലും തെറ്റായാലും അത് കുടുംബബന്ധങ്ങളെപ്പറ്റി ആഴത്തിലും പരപ്പിലും ചിന്തിക്കാൻ മനഃശാസ്ത്രജ്ഞന്മാർക്ക് പ്രചോദനമേകി.

അതേസമയം പെൺകുട്ടികൾക്ക് സ്വന്തം അച്ഛനോടുള്ള അടു



പ്പത്തിന് ഇലക്ട്രാ (Electra) കോംപ്ലക്സ് എന്നും പറയും.

ഇന്ന് സമൂഹം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം കുടുംബബന്ധങ്ങളിലെ വൈകല്യങ്ങൾ സൃഷ്ടിക്കുന്ന വികലമായ വ്യക്തിത്വങ്ങളാണ്. അച്ഛനും, അമ്മയും, മക്കളും ചേർന്ന കുടുംബം ഒരു ടീമായി പ്രവർത്തിക്കുമ്പോഴാണ് അവിടെ ബന്ധങ്ങൾ ശക്തമാകുന്നത്. ആരോഗ്യപരമായ ആശയവിനിമയങ്ങളും, ബന്ധങ്ങളും ശക്തമായ വ്യക്തിത്വങ്ങളെ കുടുംബത്തിൽ സൃഷ്ടിക്കും. മക്കളോടുള്ള അപ്പനമ്മമാരുടെ ബന്ധം എപ്പോഴും ആരോഗ്യപരമായിരിക്കണം. എങ്കിൽ മാത്രമേ വൈകാരികബുദ്ധിയുള്ള മക്കൾ കുടുംബങ്ങളിൽ ഉണ്ടാകു. ഇവിടെയാണ് ഫ്രോയിഡിന്റെ ഇഡിപ്പസ്സ് കോംപ്ലക്സിനും, ഇലക്ട്രാ കോംപ്ലക്സിനും അർത്ഥവ്യാപ്തിയുണ്ടാകുന്നത്.

അമ്മയും മകനും തമ്മിലുള്ള അടുപ്പത്തിനും, സ്നേഹത്തിനും ലൈംഗികതയെ വലിച്ചിഴക്കുന്നതിൽ അർത്ഥമില്ല. പക്ഷെ അമ്മ ആൺമക്കളുടെ കാര്യത്തിൽ എടുക്കുന്ന അമിതമായ താല്പര്യവും, സ്നേഹവും ശിക്ഷണമില്ലാത്ത സ്നേഹത്തിലേക്ക് എത്തിച്ചേരുന്നു അഥവാ അമിതമായ ലാളനം. ഈ ലാളന ആൺമക്കളുടെ വ്യക്തിത്വത്തെ ബാധിക്കുന്നു. ഇതേകാരണം കൊണ്ടുതന്നെ വിവാഹജീവിതത്തിൽ പ്രശ്നങ്ങളുമായി കൗൺസിലിംഗിനെത്തുന്ന യുവതീയുവാക്കളുടെ എണ്ണം കൂടിവരികയാണ്.

വിവാഹം കഴിഞ്ഞ ആൺകുട്ടികൾ അമ്മയോട് കാണിക്കുന്ന അമിതമായ സ്നേഹം കുടുംബത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. മക്കളെപ്പറ്റിയുള്ള അമിതമായ ഉൽക്കണ്ഠ, മക്കളുടെ എല്ലാ കാര്യങ്ങളിലും ഇടപെട്ട് അവരുടെ ക്രിയാത്മ നശിപ്പിക്കപ്പെടാൻ ഇടവരുന്നു.

കല്ല്യാണം കഴിഞ്ഞ് വിദേശത്ത് ജോലിക്കുപോയ റിനോഷിന്റെയും ആനിയുടെയും പ്രശ്നം മുകളിൽ പറഞ്ഞതുതന്നെ. അമ്മയുണ്ടാക്കിത്തന്ന ഭക്ഷണം കഴിച്ച് ശീലിച്ച റിനോഷിന് ആനിയുണ്ടാക്കുന്ന ഭക്ഷണം പിടിക്കുന്നില്ല. അതുകൊണ്ടാണ് എല്ലാ ദിവസവും രാത്രി റിനോഷ് അമ്മയെ വിളിച്ച് സംസാരിക്കും. 'ഇന്ന് ആനിയുണ്ടാക്കിയ ഇറച്ചിക്കറി അമ്മയുണ്ടാക്കുന്നതുപോലെയുള്ള രുചിയില്ല, തുടങ്ങിയ അനേകം കുറ്റങ്ങൾ അമ്മയെ പറഞ്ഞുകേൾപ്പിക്കുന്നത് റിനോഷിന്റെ സ്ഥിരം സ്വഭാവമായി. അവിടെയാണ് പ്രശ്നങ്ങളുടെ തുടക്കം. വിവാഹം കഴിഞ്ഞ് കുടുംബമായി താമസിക്കുമ്പോൾ ഭാര്യയുണ്ടാക്കുന്ന ഭക്ഷണവുമായി പൊരുത്തപ്പെട്ടു പോകാനുള്ള മനോഭാവം മകനില്ലെങ്കിൽ അത് ഗുരുതരമായ പ്രശ്നത്തിൽ എത്തിച്ചേരും. അങ്ങനെ പൊരുത്തപ്പെട്ടു പോകുന്നതാണ് വൈകാരകബുദ്ധി.

വേറൊരു കൂട്ടം അമ്മമാർ മക്കൾ കല്ല്യാണം കഴിച്ചുകൊണ്ടുവരുന്ന പെൺകുട്ടികളെ ഭർത്താവുമായി അടുത്തിടപഴകാൻ പോലും സമ്മതിക്കാതെ മക്കളുടെ പുറകെ നടക്കുന്നവരാണ്. വിവാഹം കഴിഞ്ഞാലും മകന്റെയും ഭാര്യയുടെയും പലകാര്യങ്ങളിലും തീരുമാനമെടുക്കുന്നത് അമ്മമാരാണ്. ഇത് ഒട്ടും അഭിലഷണീയമല്ല എന്ന് മാതാപിതാക്കൾ ഓർക്കണം.

എന്റെ അമ്മയെപോലെ എന്റെ ഭാര്യ പാചകം ചെയ്യണം, വീട് വൃത്തിയാക്കണം, എന്ന് ശഠിക്കുന്ന ധാരാളം ഭർത്താക്കന്മാരുണ്ട്. ഇവരുടെ കുടുംബജീവിതം ദുഃസ്സഹമാകും. ഒരാൾക്ക് മറ്റൊരാളെപോലെയാകാൻ സാധിക്കയില്ല. ഓരോ മനുഷ്യരും അതുല്യർ ആണെന്ന സത്യം നാം കുട്ടികളെ പഠിപ്പിക്കണം.

അതുപോലെ തന്നെ പിതാവിനെപോലെയാകാൻ ശ്രമിക്കുന്ന പെൺമക്കളെയും നാം കണ്ടുമുട്ടാറുണ്ട്. പിതാവിനോടുള്ള അമിതമായ അടുപ്പം പല പെൺകുട്ടികളിലുമുള്ള സ്ത്രീത്വത്തെ നശിപ്പിക്കാറുണ്ട്. പിതാവിനെപോലെ 'സ്മാർട്ടാ'കാൻ ശ്രമിക്കുന്ന പെൺമക്കളുടെ വിവാഹജീവിതം പ്രശ്നങ്ങളിൽ എത്തിച്ചേരും.

ഒരു പെൺകുട്ടിക്ക് പിതാവുമായുള്ള ബന്ധവും ഒരു ആൺകുട്ടിയ്ക്ക് അമ്മയുമായുള്ള ബന്ധവും ആരോഗ്യകരമാണെങ്കിൽ, സമനിലയിലുള്ളതാണെങ്കിൽ അത് ആരോഗ്യമുള്ള കുടുംബങ്ങളെ സൃഷ്ടിക്കും. പക്ഷെ പല കുടുംബങ്ങളിലും സംഭവിക്കുന്നത് മറിച്ചാണ് വെള്ളം നല്ലതാണ്, അത് വെള്ളപ്പൊക്കമായാൽ, അത് നാശങ്ങൾ ഉണ്ടാക്കും. ഒരു പുരുഷനെപ്പറ്റിയുള്ള നല്ല സങ്കല്പങ്ങൾ ഒരു പെൺകുട്ടിക്ക് സ്വന്തം പിതാവിൽ നിന്നാണ് തുടങ്ങേണ്ടത്. അതുപോലെ ഒരാൺകുട്ടിയ്ക്ക് ഒരു സ്ത്രീയെപ്പറ്റിയുള്ള നല്ല സങ്കല്പങ്ങൾ തുടങ്ങേണ്ടത് സ്വന്തം അമ്മയിൽ നിന്നാണ്. അതുകൊണ്ടുതന്നെയാണ് സ്നേഹബന്ധങ്ങൾക്ക് സമനില ആവശ്യമാകുന്നത്. അവിടെയാണ് നല്ല ആശയവിനിമയങ്ങൾ ഉണ്ടാകുന്നത്. നല്ല ആശയവിനിമയങ്ങൾ ഉണ്ടാകുന്നിടത്ത് പിന്നെയും ബന്ധങ്ങൾ ആരോഗ്യകരമാകും. ഇത് പരസ്പരപൂരകമാണ്.

ഈ പ്രശ്നങ്ങൾ പറഞ്ഞാലും ഒട്ടും മനസ്സിലാകാത്ത മാതാപിതാക്കന്മാരുണ്ട്. ഇവർക്ക് post marital counselling ആവശ്യമാണ്. യുവതീയുവാക്കന്മാർക്ക് കൊടുക്കുന്ന Pre-marital counselling ക്ലാസ്സുകളിൽ ഈ വിഷയങ്ങൾ വളരെ വിശദമായി തന്നെ വിശകലനം ചെയ്യുകയും, പഠിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ഭൂരിഭാഗം യുവതീയുവാക്കൾക്ക് വ്യക്തിവൈകല്യങ്ങൾ ഉണ്ട്. ഇതിന് കാരണം കുടടുംബബന്ധങ്ങളിലുള്ള ഗൗരവതരമായ അപാകതകളാണ്. നല്ല ബന്ധങ്ങൾ, ആരോഗ്യപരമായ ആശയവിനിമയങ്ങൾ കുടുംബത്തിൽ ഉണ്ടാക്കും. അത് നല്ല വ്യക്തിത്വങ്ങളെ സൃഷ്ടിക്കും. ഇതിനെപ്പറ്റി മാതാപിതാക്കൾ വ്യക്തമായി അറിഞ്ഞിരിക്കണം. അങ്ങനെ ബോധപൂർവ്വമായ ഒരു പരിശീലനം ശൈശവകാലം തൊട്ടുതന്നെ കുട്ടികൾക്ക് കൊടുക്കണം. അത്തരം കുടുംബങ്ങളിൽ മാനസ്സികാരോഗ്യമുള്ള വ്യക്തികളുണ്ടാകും. ഇത് തലമുറകളിലേക്ക് കൈമാറിക്കൊണ്ടിരിക്കും. ■



# മൈ ഡിയർ മമ്മാ

■ ഫാദർജി

**ആ**ർക്കും പിടി കൊടുക്കാതെ ഒഴിഞ്ഞുമാറി നടന്ന എന്നെ കെട്ടിച്ചേ അടങ്ങൂ എന്ന് വീട്ടുകാർ തീരുമാനിച്ചപ്പോൾ ടെൻഷനായി. ജീവിതത്തിൽ എന്നും ഒരു ഫ്രീട്രേയ്ഡ് മനോഭാവക്കാരിയായ എന്നോട് കണക്ക് ചോദിക്കാനും പറയാനും വരുന്ന ആളുമായി പൊരുത്തപ്പെടാൻ കഴിയുമെന്ന് യാതൊരു പ്രതീക്ഷയുമില്ലായിരുന്നു.എന്റെ കല്യാണാലോചന മുറുകിക്കൊണ്ടിരിക്കുന്നതിനിടയിൽ ബാങ്ക് ഉദ്യോഗസ്ഥയായ ചേച്ചി ഒരു ദിവസം രാവിലെ കരഞ്ഞു വീർത്ത മുഖവുമായി ഭർത്താവിന്റെ വീട്ടിൽനിന്ന് വന്ന് അമ്മയെ കെട്ടിപ്പിടിച്ചു കരഞ്ഞുപറഞ്ഞു; ഞാനിനി അങ്ങോട്ടില്ല. അമ്മായിയമ്മയെക്കൊണ്ടു മടുത്തു. ചിരിക്കാനും ഭർത്താവിനോട് സംസാരിക്കാനും അവർ സമ്മതിക്കില്ല. ചിരവയിൽ തേങ്ങാമുറി കമഴ്ത്തിയപോലെ മുഖമുള്ള ആന്റി എന്നെ വല്ലാതെ ഹരാസ് ചെയ്യുകയാണ്. അമ്മയെന്തന്ന്യായം പറഞ്ഞാലും മിണ്ടാതെ കൈകെട്ടി നിന്നു കേൾക്കുന്ന മേരീദാസനായ ഭർത്താവ് പറയുന്നത് ക്ഷമിക്കൂ, സഹിക്കൂ എന്നാണ്. അവരെന്നെ വെറുതെ വിടുന്ന ലക്ഷണമില്ല. അതിർത്തി കടന്ന് രാജ്യം കയ്യേറാൻ വരുന്ന ശത്രുവിനെ തുരത്തുന്നതുപോലാണ് കണ്ണും കയ്യും ഓങ്ങി എന്റെ നേരെ വരുന്നത്. ഘാതകധിക്കാരിണി സ്പൂൺ ചേർത്ത് കയ്യിൽ പിടിച്ച് കരിവാളിപ്പിച്ചത് കാണിച്ച് ചേച്ചി കരഞ്ഞു.

അപ്പോൾ മുതൽ എനിക്ക് അമ്മായിയമ്മമാരെ ഭയമായി. ചേട്ടന്റെ കല്യാണം കഴിയുന്നതുവരെ വളരെ ലിബറൽ ആയിരുന്ന എന്റെ അമ്മയുടെ മട്ടു മാറിയതും എന്നെ അത്ഭുതപ്പെടുത്തി.ചേട്ടനെ അന്യായമായി തട്ടിയെടുത്ത അനശാസ്യക്കാരിയോടെന്നപോലെയായി മരുമകളോടുള്ള അമ്മയുടെ പെരുമാറ്റം. കുത്തും കോളും വച്ചുള്ള രണ്ടാം തരം പെരുമാറ്റം. അമ്മ അമ്മായിയമ്മയാകുമ്പോൾ എന്തോ ബാധ പിടിപെടുകയാണോ? ആരാന്റെമ്മയുടെ തട്ടും തൊഴിയും കൊണ്ട് മരുമോളും ഭാര്യയുമായിട്ടെന്തു പുണ്യം കിട്ടാനാണ്? കല്യാണം വേണ്ട വേണ്ടെന്ന് തീരുമാനിച്ചു.

ദല്ലാളന്മാർ പൊരുത്തവും പ്രലോഭനവുമായി വീടിനു ചുറ്റും തമ്പടിച്ചപ്പോൾ താമസം ഹോസ്റ്റൽ -ലേക്ക് മാറ്റി. അവിടെ വച്ചാണ് കൂട്ടുകാരി ശ്യാമയെ പരിചയപ്പെട്ടത്. എന്റെ ഒറ്റയാൻ പോളിസി അവൾ തിരുത്തിയെഴുതി. കല്യാണം കഴിക്കാതിരുന്നാൽ കുറെ ശല്യങ്ങളൊക്കെ ഒഴിവാക്കാമെങ്കിലും മറ്റു പല നിരന്തര ശല്യങ്ങൾ ഒഴിയാബാധയായി പിറകെ കൂടുമെന്ന് അവൾ പറഞ്ഞു. ചെവി മുതൽ ചെവിവരെ ചിരിച്ചുകൊണ്ട് പിറകെ നടക്കുന്ന പലരെയും കണ്ടപ്പോൾ ശ്യാമ പറഞ്ഞത് ശരിയാണെന്ന് തോന്നി. റിട്ടയറിങ് മൂപ്പായിരിക്കുന്ന വയസ്സൻമാരുടെ ശല്യം പോലും ചില്ലറയൊന്നുമല്ല. ശ്യാമ പറഞ്ഞു അമ്മായിയമ്മമാർക്ക് ചില കോംപ്ലക്സുകളുണ്ട് അതറിഞ്ഞ് പെരുമാറിയാൽ ഒരു കുഴപ്പവുമുണ്ടാകില്ല. പലപ്പോഴും മുൻവിധിയാണ് പ്രശ്നമുണ്ടാക്കുന്നത്. നിനക്ക് നല്ലൊരു അമ്മയിയമ്മയെ കിട്ടുമെന്ന് വിശ്വസിക്കുക. ബാക്കിയൊക്കെ തലേലെഴുത്തു പോലെതന്നെ വരും പെണ്ണേ .

ഒടുവിൽ സുഭാഷിന്റെ പ്രപ്പോസലിന് എസ്സ് മൂളി.

കല്യാണത്തിരക്കിനിടയിൽ യാത്ര ചോദിച്ചപ്പോൾ ഞാൻ ശ്യാമയുടെ ചെവിയിൽ ചോദിച്ചു, എടീ എങ്ങനുണ്ട് ഇൻലാ? ജയലളിതയും അടൂർഭവാനിയും മിക്സപ്പ് ചെയ്ത ചങ്കൻ ഉരുപ്പടി? പേടിക്കേണ്ട പയ്യൻ വെറുമൊരു അവലോസ് പൊടിയാണ്. നിനക്കെങ്ങനേയും ഉരുട്ടി ഉണ്ടപിടിക്കാം. ശേഷം സ്ക്രീനിൽ, ബൈ.... ശ്യാമയുടെ മുഖവുര ഒരു വെള്ളിടിയായി മനസ്സിൽ മിന്നി വെട്ടി.. സെവന്റി ഫീറ്റ് വീതിയുള്ള കസവു നേര്യത് ചുറ്റിയ അമ്മായിയമ്മ പനനീരു വീശി, കഴുത്തിലെ മാല ഊരി എന്റെ കഴുത്തിലിട്ട് എതിരേറ്റപ്പോൾ ചങ്കു പിടക്കുകയായിരുന്നു.

ആരവങ്ങളൊക്കെ ഒഴിഞ്ഞപ്പോൾ അമ്മായിയമ്മ എന്നെ വിളിച്ച് അടുത്ത് ചേർത്തു നിർത്തിക്കൊണ്ട് പറഞ്ഞു; ഇനി മോളാണ് വീട്ടിലെ കാര്യങ്ങളൊക്കെ നോക്കേണ്ടത്. പേടിക്കാനൊന്നുമില്ല. എല്ലാം ഞാൻ പറഞ്ഞു തരാം. ആദ്യമൊക്കെ പലതും തെറ്റിപ്പോയെന്നിരിക്കും, സാരമില്ല. ഞാനും ഇങ്ങനെയൊക്കെ ചെയ്താണ് പഠിച്ചത്.

കന്നിവിളമ്പിന് തേനും പാലും കോരിയൊഴിക്കുന്ന ഇവർ പിന്നെ മണ്ണു വാരിയിടാൻ മടിക്കില്ലെന്നാരു കണ്ടു?. പക്ഷെ അമ്മായിയമ്മ എന്റെ മുൻവിധികളൊക്കെയും തിരുത്തിക്കുറിച്ചു. വിവാ

ഹത്തിന്റെ ആദ്യദിവസങ്ങളിലെ ആലസ്യങ്ങളിൽപ്പെട്ട് അടുക്കളയിൽ കുറ്റബോധത്തോടെ ചെല്ലുമ്പോഴേക്കും അമ്മ ജോലിയെല്ലാം തീർത്തിട്ടുണ്ടായിരിക്കും. സുഭാഷിന്റെ ഇഷ്ടവിഭവങ്ങളെന്തെല്ലാം, ഉപ്പുമാവിന് റവ എത്ര വറുക്കണം, കുഴലപ്പത്തിന്റെ ചേരുവകളെന്തെല്ലാം, നൂലപ്പത്തിന് തേങ്ങാപ്പാലെത്ര വേണം... അങ്ങനെ ഓരോരോ കൊച്ചുകാര്യങ്ങൾ ഒരു സുഹൃത്തിന്റെ ആത്മാർത്ഥതയോടും അമ്മയുടെ അനുകമ്പയോടും കൂടെ പറഞ്ഞുതന്നു. എന്റെ അമ്മയിൽ നിന്നുപോലും കിട്ടാത്ത സ്നേഹവാത്സല്യങ്ങൾ അമ്മായിയമ്മ പ്രകടിപ്പിച്ചപ്പോൾ ഞാൻ സുഭാഷിനേനാടു പറഞ്ഞു; അമ്മയെന്നെ കീഴടക്കുകയാണ്.

ഞാനും സുഭാഷും പുറത്തുപോയാൽ അമ്മ തനിച്ചാകുമെന്നോർത്ത് പലപ്പോഴും പ്രോഗ്രാം ക്യാൻസൽ ചെയ്യുമ്പോൾ അമ്മ ഞങ്ങളെ നിർബന്ധിച്ച് യാത്രയാക്കും.എന്റെ വീട്ടിൽ നിന്നു വരുന്നവർക്ക് പ്രത്യേക പരിഗണനയാണ് അമ്മ കൊടുക്കുക.. നിസ്സാര കാര്യങ്ങൾക്കുപോലും മുൻശുണ്ഠിയും കലിതുള്ളലും സുഭാഷിന്റെ ബലഹീനതയാണ്. അപ്പോൾ അമ്മയുടെ നിഷ്പക്ഷമായ മൗനം ഞങ്ങളെ നൊമ്പരപ്പെടുത്തിയിരുന്നു. ആത്മസംയമനത്തിന് പ്രേരിപ്പിച്ചിരുന്നു. ഒരിക്കൽ ഇടവകയിലെ പുതിയ അച്ചൻ ഭവന സന്ദർശനത്തിനു വന്നപ്പോൾ എന്നെ നോക്കിക്കൊണ്ട് അമ്മയോട് ചോദിച്ചു; സ്വന്തം മോളാണോ? പിന്നെ സ്വന്തമല്ലാത്ത മോളുണ്ടോ അച്ചാ എന്നായിരുന്നു അമ്മയുടെ മറുപടി. അച്ചൻ വല്ലാതൊന്നു ചമ്മി.

പെൺമക്കൾ വീട്ടിൽ വന്നാൽ അമ്മയ്ക്ക് അമിതാവേശമൊന്നുമില്ലായിരുന്നു. അവർക്കെന്തു ചെയ്യണം എന്തു കൊടുക്കണമെന്നൊക്കെ എന്നോട് ചോദിക്കുമ്പോൾ, അതൊക്കെ അമ്മ ചെയ്താൽ മതിയെന്ന് ഞാൻ പറയും. ഇവർക്കെന്തൊക്കെ ചെയ്യണമെന്ന് മോളറിയണ്ടെ, ഞാനില്ലാതായാൽ പിന്നെ മോളല്ലെ ഇവർക്ക് അമ്മ കുസൃതിച്ചിരിയോടെ എന്നെ നോക്കി പറഞ്ഞു.

മോണിംഗ് സിക്ക്നസ് ഉദ്ഘാടനം ചെയ്ത ദിവസം ആരും കാണാതെ പുറത്തെ ടാപ്പിന്റടുത്ത് തളർന്നിരുന്ന എന്നെ പിറകിൽനിന്നു തലോടി, കെട്ടിപ്പിടിച്ചു. ഏതു കറിയാണിഷ്ടം? ക്ഷീണം തോന്നുന്നുണ്ടോ? തലചുറ്റലുണ്ടാകാറുണ്ടോ? തുടങ്ങിയ കൊച്ചുകൊച്ചു ക്ഷേമാന്വേഷണങ്ങളും അടുക്കളപ്പണിയിൽനിന്നുള്ള താല്ക്കാലിക വിമുക്തിയും ഗർഭാലസ്യത്തെ പൂർണ്ണമായും ഒപ്പിയെടുത്തു. അരുണിനെയും രമ്യയേയും ഞാൻ പ്രസവിക്കുക മാത്രമേ ചെയ്തിട്ടുള്ളു. അവർ വളർന്നതും കളിച്ചതും അമ്മയുടെ കൈകളിൽ കിടന്നാണ്.

ഒരിക്കൽ എന്തോ പറഞ്ഞ് കലിതുള്ളിയ അരുൺ അമ്മ ചീത്ത എന്നു പറഞ്ഞപ്പോൾ എനിക്കു സഹിക്കാനായില്ല. ഞാൻ പിടിച്ച് രണ്ടിടി കൊടുത്തു. അടികൊണ്ട് കരഞ്ഞുകൊണ്ട് അവനോടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ചു. ആദ്യവും അവസാനവുമായി അമ്മയുടെ കണ്ണുനിറഞ്ഞ് ഞാൻ കണ്ടതന്നാണ്.

കോളേജ് അദ്ധ്യാപികയായ എന്നെപ്പറ്റി അമ്മയ്ക്ക് വലിയ അഭിമാനമായിരുന്നു. രാവിലെ ധൃതിപിടിച്ച ഓട്ടത്തിനിടക്ക് ചോറുപൊതി, വണ്ടിക്കൂലിക്കുള്ള ചില്ലറ, കുടയെന്നിവയൊക്കെ മറക്കാതെയെടുക്കാൻ മറവിക്കാരിയായ എന്നെ അമ്മ ഓർമ്മിപ്പിക്കും.

ഞങ്ങളില്ലാത്തപ്പോൾ വീട്ടിൽവരുന്ന സുഹൃത്തുക്കളെ മാന്യമായും, മനസുനിറച്ചുമാണ് അമ്മ പറഞ്ഞുവിടാറ്. ഞങ്ങളൊരുമിച്ചിരിക്കുമ്പോൾ സംസാരിക്കുന്ന ക്രിക്കറ്റ്, ഓഫീസ് വിശേഷങ്ങളും ഗോസിപ്പുകളും അമ്മയ്ക്ക് മനസ്സിലാകുമായിരുന്നില്ലെങ്കിലും നല്ലൊരു കേൾവിക്കാരിയായി ഞങ്ങളോടൊപ്പമിരിക്കുമായിരുന്നു. അമ്മയിരിക്കുമ്പോൾ പറയാൻ പറ്റാത്തതായി ഒന്നും ഞങ്ങൾക്കില്ലായിരുന്നു. എന്തും ആത്മസംയമനത്തോടെ കേൾക്കുവാൻ അമ്മയ്ക്ക് കഴിയുമായിരുന്നു. വിവരവും വിദ്യാഭ്യാസവും നന്നെ കുറവായ നാട്ടുമ്പുറത്തുകാരിക്ക് ഇത്ര വലിയ മനസ്സെങ്ങനെയുണ്ടായിയെന്ന് ഞാനാലോചിക്കാറുണ്ട. പഠിപ്പും പത്രാസുമുണ്ടെന്നഭിമാനിക്കുന്ന എന്നെപ്പോലുള്ളവർക്കില്ലാത്ത മനസ്സ്?. കാലുവേദനയും നടുവേദനയും അമ്മയുടെ ജീവിതത്തിലെ മുള്ളുകളായിരുന്നു. ആശുപത്രിയിൽ പോകാൻ പറഞ്ഞാൽ സമ്മതിക്കില്ല. എല്ലാവരും കിടന്നുകഴിയുമ്പോൾ എഴുന്നേറ്റിരുന്ന് അമ്മ കാലു തിരുമ്മുന്നത് ഞാൻ കാണാറുണ്ട്. കുഴമ്പിട്ടു തടവിതരാമെന്നു പറഞ്ഞാൽ വേണ്ടാ ഇതൊന്നും വലിയ സൂക്കേടല്ലെ ന്നാണ് മറുപടി. അമ്മ ഞങ്ങൾക്ക് ഒരിക്കലും ഭാരമോ ബാദ്ധ്യതയോ ആയി തോന്നാത്തത് ഇതുകൊണ്ടൊക്കെ ആയിരിക്കാം.

നിലത്തിരുന്ന് കൈകൾകൂപ്പി കണ്ണുമടച്ച് വളരെനേനരം അമ്മ മൗനമായി പ്രാർത്ഥിക്കുമായിരുന്നു. അമ്മയുടെ പ്രാർത്ഥന ഒന്നു കേൾക്കണമെന്ന് ആഗ്രഹം തോന്നിയിട്ടുണ്ട്. അതു പ്രാർത്ഥിച്ച് അമ്മയെപ്പോലെ നന്മനിറഞ്ഞവളാകാൻ. ഒരു ദിവസം ഞാൻ കോളേജിൽ നിന്നു വന്നപ്പോൾ അമ്മ അടുക്കളയിൽ വീണു കിടക്കുന്നതാണ് കണ്ടത്. ഐ.സി.യു.വിന്റെ മുമ്പിൽ നിലത്തിരുന്ന് ഞാൻ പൊട്ടിക്കരഞ്ഞു. തായ് വൃക്ഷത്തിൽ നിന്നും വലിച്ചു പറിച്ചിട്ട വള്ളിച്ചെടിപോലെ നിസ്സഹായായി വീണുപോയി ഞാൻ. ബോധം വീണപ്പോൾ അമ്മ എന്നെ കാണണമെന്നു പറഞ്ഞു. കരയാതിരിക്കാമെങ്കിൽ മാത്രം അകത്തു പോയാൽ മതിയെന്ന് സുഭാഷ് പറഞ്ഞതാണ്. വളരെ ആത്മസംയമനത്തോടെയാണ് അകത്തു കടന്നതെങ്കിലും എന്റെ നിയന്ത്രണം വിട്ടുപോയി. കൈ ഉയർത്തി ബെഡ്ഡിലേക്ക് ചേർത്തു നിർത്തിക്കൊണ്ട എന്റെ മുഖത്തേക്കുനോക്കി. വിരലുകളിൽ അമർത്തി വീണ്ടും കയ്യിൽ പിടിച്ചു വലിച്ചപ്പോൾ ഞാൻ നിലത്ത് മുട്ടുകുത്തി മുഖം കുനിച്ചു. വിറയ്ക്കുന്ന കൈകൾ എന്റെ മുടിയിഴകൾക്കിടയിലൂടെ ഒന്നു തെന്നി തെന്നി നീങ്ങി.. മോണിട്ടറിലെ പച്ചത്തുമ്പികൾ ചിറകുകുഴഞ്ഞു വീഴുന്നത് ഞാൻ കണ്ടു പിന്നൊന്നും എനിക്കോർമ്മയില്ല. നിർവികാരതയുടെ കയങ്ങളിലേക്ക് മുങ്ങിത്താഴുമ്പോൾ അമ്മയുടെ കൈകളിൽ എത്തിപ്പിടിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടായിരുന്നു. ●

# Basic Christian (Ecclesial) Community; Socio-economic, Ecological and Ecclesial-Development (SEEDs)

***The Most Rev. Dr. G. Dyvasirvadam***
***(Moderator, CSI)***

